# കേരള സംസ്ഥാന
# ബാലാവകാശ സംരക്ഷണ കമ്മിഷൻ

# വാർഷിക റിപ്പോർട്ട്

## 2023-2024

# ഉള്ളടക്കം


1. കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും ........................ ............................................ 7
2. ബാലാവകാശ സംരക്ഷണത്തിന്റെ പ്രസക്തി കേരളത്തിൽ ........... ................................ 11
3. കമ്മീഷന്റെ ഘടനയും അംഗങ്ങളും ................................. ................................................ 12
4. പരാതികളും അന്വേഷണവിചാരണയും ............................ ............................................... 13
5. കമ്മീഷൻ സമർപ്പിച്ച പ്രധാന ശുപാർശകൾ ......................... ........................................... 16
6. അന്വേഷണവിചാരണയിലെ പ്രതിബന്ധങ്ങൾ .......................... ........................................... 19
7. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 പ്രകാരമുള്ള പ്രവർത്തനങ്ങൾ .......................... 20
8. ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്-2012 പ്രകാരമുള്ള പ്രവർത്തനങ്ങൾ ......................... ........................................... 24
9. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ...................................................................... 42
10. പബ്ലിക് റിലേഷൻസ് .......................................... ............................................... 59
11. വിവരാവകാശ ആക്റ്റ് പ്രകാരമുള്ള അപേക്ഷകൾ ........................................................ 60
12. ഓൺലൈൻ പരാതി സംവിധാനം (OCMS) ..................... ................................................. 60
13. ബഡ്ജറ്റും ധനകാര്യവും ........................................ ...................................................... 61
14. അനുബന്ധം I, II ........................................................................................................ 64

# ആമുഖം

2005 ലെ ബാലവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ആക്റ്റ് (കമ്മീഷൻ ഫോർ ദ പ്രോട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് - സി.പി.സി.ആർ) പ്രകാരം രൂപവത്കരിക്കപ്പെട്ട സംവിധാനമാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ. 2013 ജൂൺ മൂന്നിന് കേരളത്തിലെ ആദ്യ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചു. കമ്മീഷന്റെ പതിനൊന്നാം വാർഷിക റിപ്പോർട്ടാണിത്.

ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന ബാലാവകാശ സംരക്ഷണത്തിന് അനുസൃതമാണ് സർക്കാർ കൊണ്ടുവരുന്ന നിയമങ്ങളും വിഭാവനം ചെയ്യുന്ന നയങ്ങളും, പരിപാടികളും ഭരണസംവിധാനങ്ങളും എന്ന് ഉറപ്പാക്കുക എന്നതാണ് കമ്മീഷന്റെ പ്രാഥമിക ചുമതല. കുട്ടികളുടെ അവകാശ ലംഘനങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടിക്ക് ശുപാർശ ചെയ്യുക എന്നത് കമ്മീഷന്റെ പ്രധാന കർത്തവ്യമാണ്. കുട്ടികളുമായി ബന്ധപ്പെട്ട നയങ്ങളിലും, പരിപാടികളിലും സർക്കാരിനും ബന്ധപ്പെട്ട വകുപ്പിനുമാണ് കമ്മീഷൻ നിർദ്ദേശം നൽകുന്നത്. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് പരിശീലനങ്ങളും ശിൽപശാലകളും, കൂടിയാലോചനയോഗങ്ങളും നടത്തുകയും മറ്റും കമ്മീഷന്റെ ചുമതലകളിൽ ഉൾപ്പെടുന്നു.

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിക്കുന്ന കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതോടൊപ്പം 2023-2024 വർഷത്തേയ്ക്ക് കമ്മീഷൻ തയ്യാറാക്കിയ നടപടി രൂപരേഖയ്ക്ക് അനുസൃതമായ പരിപാടികളും പ്രവർത്തനങ്ങളും റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പാക്കുകയുണ്ടായി.

കുട്ടികളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കുന്നതിനായും ഉടനടി തീരുമാനം കൈക്കൊള്ളുന്നതിനും ജില്ലാതലത്തിൽ തന്നെ കർത്തവ്യവാഹകരുമായി കൂടിയാലോചനായോഗങ്ങൾ സംഘടിപ്പിച്ച് കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കുക, വേണ്ട നിർദ്ദേശങ്ങൾ വകുപ്പുകൾക്കും സർക്കാരിനും ശുപാർശയായി സമർപ്പിക്കുക, കുട്ടികളുടെ അതിജീവനം, വികസനം, പങ്കാളിത്തം, സംരക്ഷണം എന്നീ സൂചകങ്ങൾ അടിസ്ഥാനമാക്കി 'ബാലസൗഹൃദകേരളം' പദ്ധതിക്ക് തുടക്കം കുറിക്കുകയും ഉണ്ടായി. 'ഓരോ കുട്ടിയ്ക്കും സുരക്ഷിതമായ ബാല്യം ഒരുക്കുക' എന്ന ലക്ഷ്യത്തോടെ പല ഘട്ടങ്ങളായി സംസ്ഥാനത്ത് ഉടനീളം പരിപാടികൾ സംഘടിപ്പിച്ചു. തദ്ദേശസ്വയംഭരണ സമിതികൾക്കും ശാക്തീകരണം നടത്തി. 'ബാലസൗഹൃദകേരളം' എന്ന പദ്ധതി നടപ്പിലാക്കി കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ, ജനപ്രതിനിധികൾ എന്നിവർക്ക് ബോധവൽക്കരണം നൽകുകയും ഉണ്ടായി.

വിവാഹമോചനത്തിന്റെ ഫലമായി കുട്ടികളിൽ ഉണ്ടാകുന്ന പെരുമാറ്റ വ്യതിയാനം അവരുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കുട്ടികളുടെ ജീവിത ക്രമീകരണങ്ങളിലെ പ്രായോഗിക മാറ്റങ്ങൾ കാരണം അവർ അഭിമുഖീകരിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ദിനംപ്രതി വർദ്ധിച്ചു വരിക

യാണ്. കൂടാതെ ഇത്തരം അവസ്ഥ കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനും വിഘാതമായി നിൽനിൽക്കുകയും ചെയ്യുന്നു. പ്രസ്തുത വിഷയത്തിന്മേൽ കമ്മീഷൻ സമഗ്രമായ ഒരു പഠനം നടത്തുകയുണ്ടായി.

കുട്ടികൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, ബാലാവകാശ ലംഘനങ്ങൾ തുടങ്ങിയ പരാതികൾ പൊതുജനങ്ങൾക്ക് കമ്മീഷനിൽ സമർപ്പിക്കുന്നതിനായി ഓൺലൈൻ കംപ്ലെയിന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി. ഇത്തരത്തിൽ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ കാലതാമസം കൂടാതെ ഓൺലൈനായി ഫയൽ ചെയ്ത് വേഗത്തിൽ പ്രശ്നപരിഹാരം കണ്ടെത്തുകയും ചെയ്തു വരുന്നു. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009, ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012, ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 എന്നീ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിരീക്ഷണ സംവിധാനമായി ആർ.റ്റി.ഇ, പോക്സോ, ജെ.ജെ. സെല്ലുകളും പ്രവർത്തിക്കുന്നു.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 എന്നീ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനുണ്ട്.

കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ചുള്ള പഠനത്തിനായി സ്കൂളുകളും മറ്റു അനുബന്ധ സ്ഥാപനങ്ങളായ ഹോസ്റ്റലുകൾ, ഹോമുകൾ എന്നിവിടങ്ങളിൽ നേരിട്ട് സന്ദർശനം നടത്തി സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാപനങ്ങൾക്കും ശുപാർശകൾ നൽകുകയും ചെയ്തു വരുന്നു.

കമ്മീഷന്റെ പ്രവർത്തനങ്ങൾ കൃത്യമായി പൊതുജനങ്ങളിലേക്കും വിവിധ പദ്ധതി പങ്കാളികളിലേക്കും എത്തിക്കുന്നതിനായി സമഗ്രമായ വെബ്സൈറ്റ് നിലവിലുണ്ട്. ട്വിറ്റർ, യൂ ട്യൂബ് മുതലായ നവമാധ്യമങ്ങളിലൂടെയും കമ്മീഷൻ നിറസാന്നിധ്യമായി തുടരുന്നു.

# കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ.ആക്റ്റ്), സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ.ആക്റ്റ്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്.

2005-ലെ സി.പി.സി.ആർ. ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം ചുവടെ പറയുന്നവ കമ്മീഷന്റെ ചുമതലകളാണ്

- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക;
- കമ്മീഷന് യുക്തമെന്ന് തോന്നുന്നപക്ഷം വാർഷികമായും അല്ലാതെയും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുക;
- ബാലാവകാശലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ അന്വേഷണ വിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുക;
- ഭീകരപ്രവർത്തനം, വർഗ്ഗീയകലാപം, ലഹള, പ്രകൃതിദുരന്തം, ഗാർഹിക പീഡനം, എച്ച്.ഐ.വി/എയ്ഡ്സ്, മനുഷ്യക്കടത്ത്, പീഡനം, ചൂഷണം, അശ്ലീലസാഹിത്യം, ലൈംഗിക ചൂഷണം എന്നിവ മൂലം ബുദ്ധിമുട്ടുന്ന കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക;
- ദുരിതം അനുഭവിക്കുന്നതും പാർശ്വവത്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേത് ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക;
- സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുന:പരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമതാല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ട ശുപാർശകൾ നടത്തുകയും ചെയ്യുക;
- ബാലാവകാശമേഖലയിൽ ഗവേഷണം നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

- സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, ലഭ്യമായ മറ്റ് മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് നിലവിലുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

- സാമൂഹ്യസംഘടനകൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങളോ മറ്റ് താമസസ്ഥലമോ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്നു കാണുന്നപക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി സ്വീകരിക്കുകയും ചെയ്യുക;

- ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘിക്കലും, കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശകരേഖകളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തലും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്ക് എടുക്കുകയും ചെയ്യുക.

### ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പു പ്രകാരം അന്വേഷണ വിചാരണയ്ക്കുശേഷം ചുവടെപ്പറയുന്ന നടപടികൾക്ക് കമ്മീഷന് അധികാരമുണ്ട്

- ബാലാവകാശത്തിന്മേൽ ഗൗരവതരമായ ലംഘനമോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി അന്വേഷണവിചാരണയിൽ വെളിപ്പെട്ടാൽ, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്നു തോന്നുന്ന നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ മറ്റ് അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യുക;

- നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹുമാനപ്പെട്ട സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കുക;

- ഇടക്കാല ആശ്വാസം പീഡിതനോ ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിന് സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യുക.

### സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

ആർ.റ്റി.ഇ.ആക്റ്റിലെ 31-ാം വകുപ്പു പ്രകാരം, പ്രസ്തുത ആക്റ്റിലെ 2 (സി) വകുപ്പിൽ നിർവ്വചിക്കുന്ന പ്രകാരമുള്ള ഒരു കുട്ടിയുടെ, വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

ഇതുപ്രകാരം, വിദ്യാഭ്യാസ അവകാശത്തിനുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുന:പരിശോധിക്കുകയും ചെയ്യുന്നതിനും അവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനും കുട്ടിയുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഈ നിയമത്തിലെ 32(4) വകുപ്പ് പ്രകാരം കമ്മീഷൻ പ്രസ്തുത നിയമത്തിൻകീഴിലുള്ള അപ്പീൽ

അധികാരസ്ഥാനം കൂടിയാണ്. കൂടാതെ, വിദ്യാഭ്യാസ അവകാശ നിരീക്ഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കമ്മീഷന് ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്)-ലെ 44-ാം വകുപ്പ് പ്രകാരം പോക്സോ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുപ്രകാരം, ചുവടെ പറയുന്ന കാര്യങ്ങൾ കമ്മീഷൻ നിരീക്ഷിക്കുന്നതാണ്.

- പോക്സോ ആക്റ്റ് പ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്;
- ടി കോടതികളിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ സംസ്ഥാന സർക്കാർ നിയമിക്കുന്ന കാര്യം;
- വിചാരണഘട്ടത്തിലും വിചാരണയ്ക്കു മുമ്പും കുട്ടിയെ സഹായിക്കുന്നതിനായി സർക്കാരിതര സംഘടനകൾക്കും മന:ശാസ്ത്രം, സാമൂഹ്യസേവനം, മാനസിക ശാരീരിക ആരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർക്കും വ്യക്തികൾക്കുമായി പോക്സോ നിയമത്തിലെ 39-ാം വകുപ്പു പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതും അത്തരം മാർഗ്ഗനിർദ്ദേശങ്ങളുടെ നടപ്പാക്കലും;
- പോലീസ് ഉദ്യോഗസ്ഥർക്കും മറ്റു സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗരൂപരേഖകൾ തയ്യാറാക്കുന്നതും അവ നടപ്പാക്കുന്നതും;
- കൂടാതെ പോക്സോ നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച അറിവ് പൊതുജനങ്ങൾ, കുട്ടികൾ, രക്ഷാകർത്താക്കൾ തുടങ്ങിയവർക്കെല്ലാം ഇലക്ട്രോണിക് മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാരിനെ സഹായിക്കുന്നതും ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുന്നതും.

## ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 109-ാം വകുപ്പു പ്രകാരം പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് ടി ആക്റ്റ് പ്രാബല്യത്തിൽ വന്നത്. ഈ ആക്റ്റുമായി ബന്ധപ്പെട്ട മാതൃകാചട്ടങ്ങൾ ദേശീയതലത്തിൽ നിലവിൽ വന്നു. എന്നാൽ, മേൽപ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനതലത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിയമത്തിലെ 110-ാം വകുപ്പ് പ്രകാരം സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെടുന്ന പ്രകാരമാണ് കമ്മീഷൻ പ്രസ്തുത നിരീക്ഷണകർത്തവ്യം നിർവ്വഹിക്കേണ്ടത്. ധാരാളം പദ്ധതിപ്പങ്കാളികൾ ഉൾപ്പെടുന്നതാണ് ബാലനീതി ആക്റ്റിലെ നിരീക്ഷണ ഓൺലൈൻ സംവിധാനം. സംവിധാനം കമ്മീഷനിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

# ബാലാവകാശ സംരക്ഷണത്തിന്റെ പ്രസക്തി കേരളത്തിൽ

2011-ലെ കാനേഷുമാരി പ്രകാരം കേരളത്തിൽ 99,32,755 കുട്ടികളുണ്ട്. ഇതിൽ 50,60,037 ആൺകുട്ടികളും 48,72,718 പെൺകുട്ടികളും ഉൾപ്പെടുന്നു. കുട്ടികളുടെ ആകെ എണ്ണം കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 29.73% ആണ്. ആകെയുള്ള 99,32,755 കുട്ടികളിൽ 8,50,824 കുട്ടികൾ പട്ടിക ജാതിയിലും 1,58,711 കുട്ടികൾ പട്ടികവർഗ്ഗത്തിലും ഉൾപ്പെടുന്നു.

0-6 വിഭാഗത്തിലെ ആകെ കുട്ടികളിൽ ആൺ-പെൺ എണ്ണവും അനുപാതവും ചുവടെ പറയും പ്രകാരമാണ്.

| 0-6 വിഭാഗത്തിലെ ആകെ കുട്ടികൾ | ആൺകുട്ടൾ | പെൺകുട്ടികൾ | 0-6 വിഭാഗത്തിലെ ആൺ-പെൺ അനുപാതം |
|---|---|---|---|
| 33,22,247 | 16,95,935 | 16,26,312 | 1000-964 |

കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം മുതലായ മേഖലകളിൽ അസൂയാവഹമായ നേട്ടമാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. എങ്കിലും ചില മേഖലകളിൽ നമുക്ക് ഇനിയും മുന്നോട്ടു പോകേണ്ട തുണ്ട്. ബാലാവകാശ

കമ്മീഷന്റെ നേതൃത്വത്തിൽ ബാലസംരക്ഷണ സമിതികൾ തദ്ദേശീയതലത്തിൽ ശാക്തീകരിക്കുന്നതിന്റെ മുന്നോടിയായി ഘട്ടങ്ങളായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തദ്ദേശതലത്തിൽ കുട്ടികളുടെ വിഷയങ്ങൾ സൗഹാർദ്ദപരമായി കൈകാര്യം ചെയ്യുന്നതിനും സമസ്ത മേഖലകളിലും ബാലസൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനും പുതിയ ചുവടുവെപ്പുകൾ ആവശ്യമാണ്. ആയതിന് തദ്ദേശീയസ്ഥാപനങ്ങളിലെ വാർഡുതല ബാലസംരക്ഷണ സമിതികളുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്.

നമുക്ക് ഓരോ കുട്ടിയും വിലപ്പെട്ടതാണ്. ഇന്ന് സമൂഹത്തിൽ നിന്നും മാത്രമല്ല കുടുംബത്തിൽ നിന്നും കുട്ടികൾ ഭീഷണി നേരിടുന്നുവെന്നതാണ് യാഥാർഥ്യം. ഒരു കുട്ടിയെ ഉത്തരവാദിത്വമുള്ള പൗരനായി വളർത്തിയെടുക്കുന്നതിൽ മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും, സമൂഹത്തിനും നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്. നല്ല നാളേയ്ക്കായി പ്രതീക്ഷാനിർഭരമായ മനസ്സുമായി കാത്തിരിക്കുന്ന ബാല്യം; കുട്ടികളായിരിക്കുമ്പോൾതന്നെ അവർക്ക് മൂല്യങ്ങൾ പകർന്നുകൊടുക്കാൻ മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും, സമൂഹത്തിനും കഴിയണം. അവരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് നമുക്ക് വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ട്. എന്നാൽ, കുട്ടികൾക്ക് ഇന്ന് സ്വന്തം കുടുംബത്തിൽനിന്നുപോലും പീഡനങ്ങളും ലൈംഗികചൂഷണവും നേരിടേണ്ടിവരുന്ന ദയനീയാവസ്ഥയാണ് പലയിടത്തും നിലനിൽക്കുന്നത്. പെൺകുട്ടികൾ മാത്രമല്ല, ആൺകുട്ടികൾ

പോലും വീട്ടിനുള്ളിൽ ലൈംഗികപീഡനത്തിന് ഇരയാകുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വന്ന വിള്ളലുകൾ ഇവയ്ക്ക് കാരണമാകാം. സാങ്കേതികവിദ്യയുടെ കടന്നുകയറ്റം മൂലം കുട്ടികളും മുതിർന്നവരും തങ്ങളിലേയ്ക്കുതന്നെ ചുരുങ്ങുന്നതിനാൽ കുടുംബത്തിനുള്ളിൽ മനസ്സ് തുറന്നു സംസാരിക്കാൻ കഴിയാതെ വരുന്ന അവസ്ഥയും ഇത്തരം പ്രശ്നങ്ങളിലേയ്ക്കു നയിക്കപ്പെടുന്നു.

വിവിധ മേഖലകളിൽ കുട്ടികളുടെ പഠനം, അവരുടെ ഭക്ഷണം, പോഷകാഹാരം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. അതോടൊപ്പംതന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് സ്കൂളുകളിലെ സുരക്ഷ സംബന്ധിച്ച പ്രശ്നങ്ങൾ. സൈബർ മേഖലയിലെ ഓൺലൈൻ സുരക്ഷയും ലഹരിയോടുള്ള കുട്ടികളുടെ ആഭിമുഖ്യവും കൈകാര്യം ചെയ്യുവാൻ വകുപ്പുതല ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനം ആവശ്യമാണ്.

കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വെളിവാക്കുന്നതാണ് ഇത്തരം സംഭവങ്ങൾ. അച്ഛനമ്മമാർക്കും മക്കൾക്കുമിടയിലുള്ള ബന്ധം ദൃഢമാക്കുന്നതിലൂടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും കുട്ടി അവരുമായി പങ്കുവെയ്ക്കുകയും കുട്ടി അപകടത്തിൽ ചെന്നുചാടുന്നത് അതുവഴി തടയാൻ അച്ഛനമ്മമാർക്ക് കഴിയുകയും ചെയ്യും. അതുകൊണ്ടുതന്നെ, കുടുംബബന്ധങ്ങൾ ദീപ്തവും ഭദ്രവുമാക്കേണ്ടത് കുടുംബത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും നിലനിൽപ്പിനും അത്യാവശ്യമാണ്.

## കമ്മീഷന്റെ ഘടനയും അംഗങ്ങളും

ചെയർപേഴ്സനും ആറ് അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരമാണ് സംസ്ഥാന സർക്കാർ കമ്മീഷൻ രൂപവത്ക്കരിച്ചിട്ടുള്ളത്. പ്രസ്തുത ആക്റ്റിലെയും 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായാണ്

ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനം നടത്തുന്നത്. കമ്മീഷനുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അംഗങ്ങൾക്ക് ജില്ലകൾ തിരിച്ച് ചുമതല നൽകിയിട്ടുണ്ട്.

മൂന്നാം കമ്മീഷൻ ചെയർപേഴ്സനായി ശ്രീ. കെ.വി. മനോജ് കുമാർ തുടർന്നു വരവേ 27.06.2023- ൽ കാലാവധി അവസാനിക്കുകയും തുടർന്ന് 17-08-2023-ലെ

സ.ഉ.(അച്ചടി) നം. 3/2023/വ.ശി.വി.വ. ഉത്തരവുപ്രകാരം ശ്രീ. കെ.വി. മനോജ് കുമാർ നാലാം കമ്മീഷൻ ചെയർപേഴ്സനായി 18-08-2023-ൽ ചുമതലയേൽക്കുകയും ചെയ്തു. അംഗങ്ങളായ ശ്രീമതി ബബിത ബി., ശ്രീ. റെനി ആന്റണി, ശ്രീമതി ശ്യാമളാദേവി പി.പി., ശ്രീ. സി. വിജയകുമാർ എന്നിവരുടെ കാലാവധി 11.08.20223 - ന് അവസാനിച്ചു. ശ്രീമതി സുനന്ദ.എൻ., ശ്രീമതി ജലജമോൾ. റ്റി.സി. എന്നിവർ 22.08.2022 - ലെ സ.ഉ.(അച്ചടി) നം. 12/2022/വ.ശി.വി.വ. ഉത്തരവുപ്രകാരം 25.08.2022 മുതൽ കമ്മീഷനിലെ അംഗങ്ങളായി തുടർന്നു വരുന്നു. 04.03.2024 തീയതിയിലെ സ.ഉ. (അച്ചടി) നം. 3/2024/വ.ശി.വി.വ. പ്രകാരം ശ്രീമതി സിസിലി ജോസഫ്, ഡോ. വിൽസൺ.എഫ്, ശ്രീ. കെ.കെ. ഷാജു, ശ്രീ. മോഹൻകുമാർ.ബി. എന്നിവർ 07.03.2024 - ന് കമ്മീഷൻ അംഗങ്ങളായി ചുമതലയേറ്റു.

# കമ്മീഷന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും

2005 - ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 21(1) വകുപ്പ് പ്രകാരം കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും ദൈനംദിന പ്രവർത്തനത്തിനുമായി സംസ്ഥാന സർക്കാരിന്റെ ഗവ. സെക്രട്ടറിയുടെ പദവിയിലുള്ള ഉദ്യോഗസ്ഥനെ കമ്മീഷന്റെ സെക്രട്ടറിയായി സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി നിയമിക്കണമെന്നും കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും കമ്മീഷനിൽ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ബാലാവകാശലംഘനം, നിഷേധം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉചിതമായ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ അഡീഷണൽ നിയമ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷൻ രജിസ്ട്രാറായും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ മറ്റുദ്യോഗസ്ഥർക്കും ജീവനക്കാർക്കും പുറമെ സാങ്കേതികസഹായത്തിനും മറ്റുമായി കൺസൾട്ടന്റുമാരേയും നിയമിച്ചിട്ടുണ്ട്.

# പരാതികളും അന്വേഷണ വിചാരണയും

കമ്മീഷന്റെ പരാതിവിഭാഗം കമ്മീഷന്റെ രജിസ്ട്രാറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് 2,271 പരാതികൾ ലഭിച്ചിരുന്നു. മാധ്യമവാർത്തകളുടെയും മറ്റും അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയായും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച കേസുകളിൽ കമ്മീഷൻ ബന്ധപ്പെട്ട അധികാരികളോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അന്വേഷണ വിചാരണ സംബന്ധിച്ച അധികാരങ്ങൾ വിനിയോഗിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ നേരിട്ടും തപാലിലും ഓൺലൈനായുമാണ് കമ്മീഷന് ലഭിക്കുന്നത്. കൂടാതെ, സ്വമേധയായും ജില്ലകളിൽനിന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി) അയച്ചുതരുന്ന പരാതികളിലും കമ്മീഷൻ നടപടി സ്വീകരിക്കുന്നു. കമ്മീഷൻ ആസ്ഥാനത്തും ജില്ലകളിലും സിറ്റിംഗുകൾ നടത്താറുണ്ട്. പരാതിക്കാരെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും ഓരോ കേസിലും ലഭ്യമാകുന്ന തെളിവുകൾ അപഗ്രഥിച്ചും വിഭിന്നമായ സാഹചര്യങ്ങൾ കണക്കിലെടുത്തും നീതിയുക്തവും ഉചിതവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ആവശ്യമായ ശുപാർശ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാനത്തിനും നൽകുകയും


സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തുവരുന്നു. പരാതികളെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളിൽനിന്ന് റിപ്പോർട്ട് തേടിയും അങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകൾ വിശദമായി അപഗ്രഥിച്ചുമാണ് കമ്മീഷൻ ഉത്തരവുകൾ തയ്യാറാക്കുന്നത്.

കമ്മീഷനിൽ ലഭിച്ച കേസുകളിൽ വിവിധ പരാതികളിലായി പലവിധ ബാലാവകാശ ലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. അവയിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ, ബാലനീതി നിയമത്തിനു കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾ, വിദ്യാഭ്യാസ അവകാശനിഷേധം, ബാലാവകാശ ലംഘനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് കമ്മീഷൻ പരിഗണിക്കുന്നത്. കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് (പോക്സോ ആക്റ്റ്) പ്രകാരവും ബാലനീതി നിയമപ്രകാരവുമുള്ള കേസുകളിൽ കമ്മീഷന് നേരിട്ട് പരാതികൾ ലഭിക്കുന്നത് കുറവാണ്. ഇത്തരം കേസുകളിൽ പ്രാഥമിക നടപടി സ്വീകരിക്കേണ്ടത് പോലീസും

കുട്ടികൾക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ഉറപ്പാക്കേണ്ടത് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുമാണ്. പോലീസ് യഥാസമയം നടപടി സ്വീകരിക്കാതിരിക്കുകയോ കുട്ടിക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ലഭിക്കാതിരിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ അത്തരം പരാതികൾ കമ്മീഷൻ മുമ്പാകെ നേരിട്ട് ഉന്നയിക്കപ്പെടുകയോ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിക്കുകയോ ചെയ്യാറുണ്ട്. അതുപോലെ, 6 മുതൽ 14 വരെ വയസ്സ് പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരാതികൾ മാത്രമേ വിദ്യാഭ്യാസ അവകാശ നിയമത്തിനു കീഴിൽ പരിഗണിക്കുന്നുള്ളൂ. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ബാക്കി എല്ലാ പരാതികളും ബാലാവകാശ ലംഘനത്തിന്റെ ഭാഗമായാണ് പരിഗണിച്ചുവരുന്നത്.

## കമ്മീഷനിൽ 2023-24 വർഷം ലഭ്യമായ പരാതിയുടെ വിശദാശംങ്ങൾ

കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ 53 ശതമാനത്തോളം ആർ.റ്റി.ഇ. നിയമവുമായി ബന്ധപ്പെട്ടവയാണ്. അവയിൽ ഏറെയും അടിസ്ഥാന സൗകര്യങ്ങൾ, ജനന സർട്ടിഫിക്കറ്റ്, അദ്ധ്യാപകരുടെ അഭാവം, ഗതാഗത പ്രശ്നങ്ങൾ, കളിസ്ഥലത്തിന്റെ അപര്യാപ്തത എന്നിവയാണ്. കൂടാതെ പോക്സോ, ബാലനീതി, ബാലാവകാശ ലംഘനം, കുട്ടികളുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ സംബന്ധിച്ച പരാതികളും ലഭ്യമായിട്ടുണ്ട്. അവയുടെ രേഖാചിത്രം താഴെ കൊടുത്തിരിക്കുന്നു.




2023-24 വർഷത്തെ പരാതികൾ സംബന്ധിച്ച വിശദവിവരങ്ങൾ
(2024 മാർച്ച് 31 വരെയുള്ളവ)

2023 ഏപ്രിൽ ഒന്നു മുതൽ 2024 മാർച്ച് 31 വരെ ലഭിച്ച പരാതികളിൽ ആർ.റ്റി.ഇ, പോക്സോ, ബാലനീതി എന്നിവ തരംതിരിച്ചുള്ള കണക്ക്, തീർപ്പാക്കിയ കേസുകളുടെയും അവശേഷിക്കുന്നവ യുടെയും വിശദവിവരങ്ങൾ താഴെ പട്ടികയിൽ ലഭ്യമാക്കിയിരിക്കുന്നു.

## ജില്ലകളും പരാതികളുടെ എണ്ണം (2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ)

| ക്രമ നം. | ജില്ല | ആകെ എണ്ണം | ആർ.റ്റി.ഇ. | പോക്സോ | ജെ.ജെ. | ബാലാവകാശ ലംഘനം | തീർപ്പാക്കിയ പരാതികളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 578 | 30 | 17 | 2 | 1 | 110 |
| 2 | കൊല്ലം | 206 | 40 | 12 | 3 | 2 | 43 |
| 3 | പത്തനംതിട്ട | 71 | 16 | 3 | 0 | 0 | 10 |
| 4 | ആലപ്പുഴ | 154 | 19 | 10 | 6 | 0 | 22 |
| 5 | കോട്ടയം | 93 | 9 | 7 | 2 | 0 | 21 |
| 6 | ഇടുക്കി | 61 | 3 | 0 | 1 | 1 | 13 |
| 7 | എറണാകുളം | 171 | 28 | 9 | 6 | 2 | 13 |
| 8 | തൃശ്ശൂർ | 126 | 6 | 8 | 5 | 8 | 19 |
| 9 | പാലക്കാട് | 120 | 9 | 3 | 4 | 3 | 19 |
| 10 | മലപ്പുറം | 211 | 21 | 12 | 2 | 2 | 35 |
| 11 | കോഴിക്കോട് | 184 | 6 | 6 | 8 | 6 | 27 |
| 12 | വയനാട് | 46 | 5 | 3 | 1 | 0 | 1 |
| 13 | കണ്ണൂർ | 159 | 10 | 6 | 5 | 2 | 26 |
| 14 | കാസറഗോഡ് | 91 | 2 | 4 | 2 | 1 | 24 |

## കമ്മീഷൻ സമർപ്പിച്ച പ്രധാന ശുപാർശകളും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരും മറ്റ് അധികാര സ്ഥാനങ്ങൾ പുറപ്പെടുവിച്ച ഉത്തരവുകളും

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയെന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നിർവ്വഹിച്ചു വരുന്നത്. അവകാശങ്ങളുടെ ലംഘനം, അവകാശങ്ങൾ നിഷേധിക്കൽ, കുട്ടികളുടെ അവകാശസംരക്ഷണത്തിനായി പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പാളിച്ചകൾ എന്നിവയും കമ്മീഷൻ പരിശോധിക്കുന്നുണ്ട്. കമ്മീഷന്റെ പരിഗണനയിൽ വന്നിട്ടുള്ള അത്തരം കേസുകളിൽ ഉചിതമായ ഉത്തരവുകൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ കുട്ടികളുടെ ശാരീരികമായും മാനസികമായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായും ഉള്ള വികാസത്തിനും ഉന്നതിക്കും വേണ്ടിയുള്ളവയും ബാലാവകാശ ധ്വംസനങ്ങൾ തടയുന്നവയുമാണ്. 2023-24 വർഷത്തിൽ സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അത്തരം പ്രധാനപ്പെട്ട ഉത്തരവുകളിൽ ചിലത് താഴെ വിവരിക്കുന്നു:

| ക്രമ നമ്പർ | കേസ് നമ്പർ | വിഷയം | സർക്കാർ/മറ്റ് അധികാര സ്ഥാനം സ്വീകരിച്ച നടപടിയുടെ വിവരം |
|---|---|---|---|
| 1. | സി.ആർ.എം.പി. നം. 9470/01-സി/സി1/2017/ കെ.ഇ. എസ്.സി.പി.സി.ആർ. | ആർ.സി.സി. യിലെ ചികിത്സയ്ക്കിടെ ഒൻപത് വയസ്സുകാരിക്ക് നടത്തിയ ബ്ലഡ് ട്രാൻസ്ഫ്യൂഷനിൽ നിന്ന് എച്ച്.ഐ.വി. ബാധിച്ചു എന്ന പത്രവാർത്തയിൽ സ്വമേധയാ എടുത്ത പരാതി. | രക്ത പരിശോധനയിൽ എച്ച്.ഐ.വി. ബാധ കണ്ടെത്തുന്നതിനായി എടുക്കുന്ന 21 ദിവസത്തെ window period കുറയ്ക്കുന്നതിനായി Nucleotide Amplification Test (NAT) സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു. |
| 2. | സി.ആർ.എം.പി. നം. 2364/01-സി/സി1/2022/ കെ.ഇ. എസ്.സി.പി.സി.ആർ. | തിരുവനന്തപുരത്തെ എസ്.എം.വി. സ്കൂൾ ഗ്രൗണ്ട്- മാഞ്ഞാലിക്കുളം ഗ്രൗണ്ട് കളിക്കാൻ യോഗ്യമല്ലാത്ത നിലയിലായതിനാൽ കുട്ടികളുടെ കായികമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്ന അവകാശത്തെ നിഷേധിക്കുന്നു എന്ന പരാതി. | സ്കൂൾ ഗ്രൗണ്ടിന്റെ താക്കോൽ സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ എന്നവർ കൈവശം വയ്ക്കണമെന്നും, ഗ്രൗണ്ട് ഉപയോഗപ്രദമാക്കി കാലാകാലം അറ്റകുറ്റപ്പണി നടത്തുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. |
| 3. | സി.ആർ.എം.പി. നം. 1131/01-സി/സി1/2021/ കെ.ഇ. എസ്.സി.പി.സി.ആർ. | പ്രീ-സ്കൂളുകൾക്കും നേഴ്സറികൾക്കും പൊതുവായ ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന പരാതി. | പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന് ഏകീകൃതമായ രജിസ്ട്രേഷൻ, നിയന്ത്രണം, പ്രവർത്തന മാർഗ്ഗരേഖ എന്നിവ ഉറപ്പാക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തി നടപ്പിൽ വരുത്തുന്നതിന് ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. |

| | | | |
|---|---|---|---|
| 4. | സി.ആർ.എം.പി. നം. 9818/02/ എൽ.എ.1/2023/ കെ.ഇ.എസ്. സി.പി.സി.ആർ. | ഭിന്നശേഷിക്കാരായ ഭിന്ന ശേഷിത്വത്തിന്റെ പേരിൽ അവഹേളനകളും കുത്തു വാക്കുകളും വിദ്യാലയങ്ങ ളിലെ സഹപാഠികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ഉണ്ടാകാറുണ്ട് എന്നും ഇതിന് മാറ്റം വരുത്തുന്നതിനാവശ്യമായ ബോധവത്ക്കരണം അടക്ക മുള്ള നടപടി സ്വീകരിക്കണ മെന്നതാണ് പരാതി | പൊതു വിദ്യാലയങ്ങളിൽ ഭിന്ന ശേഷി കുട്ടികൾക്കായുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനം എല്ലാ ദിവസവും ലഭ്യമാ ക്കണമെന്നും ഭിന്നശേഷി കുട്ടിക ളുടെ സർവ്വേ നടത്തണമെന്നും പൊതു വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കണമെന്നും ഭിന്നശേഷി ക്കാരായ കുട്ടികളെ പൊതുധാരയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിനും ചീഫ് സെക്രട്ടറി, പൊതു വിദ്യാഭ്യസം, സാമൂഹ്യ നീതി സെക്രട്ടറി മാർ, പൊതു വിദ്യാഭ്യസ വകുപ്പ് ഡയറക്ടർ എന്നിവർക്കും നിർദ്ദേശം നൽകി. |
| 5. | സി.ആർ.എം.പി. നം. 5309/01-സി/സി1/2020/ കെ.ഇ. എസ്.സി.പി.സി.ആർ., സി.ആർ.എം.പി. നം. 6449/01-സി/സി1/2020/ കെ.ഇ.എസ്.സി.പി.സി.ആർ., സി.ആർ.എം.പി. നം. 1923/01-സി/സി1/2021/ കെ.ഇ.എസ്.സി.പി.സി.ആർ., സി.ആർ.എം.പി. നം. 572/11/ എൽ.എ.2/2022/ കെ.ഇ.എസ്.സി.പി.സി.ആർ., സി.ആർ.എം.പി. നം. 3742/11/ എൽ.എ.2/2022/ കെ.ഇ.എസ്.സി.പി.സി.ആർ., സി.ആർ.എം.പി. നം. 4938/01-സി/സി1/2022/ കെ.ഇ.എസ്.സി.പി.സി.ആർ. | ടൈപ്പ് വൺ ഡയബറ്റീസ് അസുഖമുള്ള കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടു കൾ സംബന്ധിച്ചുള്ള പരാതി. | അസുഖബാധിതരായ കുട്ടിക ളുടെ ആരോഗ്യം സംബന്ധിച്ച് 'ഹെൽത്ത് ഫയൽ' നടപ്പിലാക്കണ മെന്നും, സംസ്ഥാനത്തെ മുഴുവൻ സ്കൂളിലെയും ചുരുങ്ങിയത് 2 അദ്ധ്യാപകർക്ക് വീതം ടൈപ്പ് വൺ ഡയബറ്റീസ് അടക്കമുള്ള അസുഖ ങ്ങൾ കൈകാര്യം ചെയ്യാനുള്ള വിദഗ്ദ്ധ പരിശീലനം നൽകുന്ന തിനും ഏകജാല സംവിധാനം വഴി അസുഖബാധിതരായ കുട്ടികൾക്ക് വീടിനടുത്തുള്ള സ്കൂളിൽ തന്നെ പ്ലസ് ടു വരെ വിദ്യാഭ്യാസം നൽകു ന്നതിനും സ്കൂളിൽ സിക്ക് റൂമുകൾ ഒരുക്കുന്നതിനും പൊതു വിദ്യാഭ്യസ വകുപ്പ് ഡയറക്ടർ, ഉന്നതവി ദ്യാഭ്യസ വകുപ്പ് സെക്രട്ടറി എന്നി വർക്ക് നിർദ്ദേശം നൽകി. |
| 6. | സി.ആർ.എം.പി. നം. 8341/02/ എൽ.എ.1/2023/കെ.ഇ.എസ്. സി.പി.സി.ആർ. | സ്വാതന്ത്ര്യദിനാഘോഷ ങ്ങളുടെ ഭാഗമായി കരു നാഗപ്പള്ളി ടൗണിലെ തിരക്കേറിയ നാഷണൽ ഹൈവേയിൽ ചുട്ടുപ്പൊ ള്ളുന്ന വെയിലിൽ, ഭക്ഷ ണവും കുടിവെള്ളവും ന ൽകാതെ മണിക്കൂറോളം വിദ്യാർത്ഥികളെ നടത്തി ച്ചുവെന്നും തളർന്നു വീണ കുട്ടികൾക്ക് ശാരീരിക-മാന സിക പ്രശ്നങ്ങൾ ഉണ്ടായി എന്നാണ് പരാതി. | കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നട ത്തുന്ന റിപ്പബ്ലിക്ക്, സ്വാതന്ത്ര്യ ദിനാ ഘോഷം തുടങ്ങിയ പരിപാടികളിൽ ഘോഷയാത്ര രാവിലെ 8 മണിക്ക് ആരംഭിച്ച് 10 മണിക്ക് മുമ്പ് അവസാ നിപ്പിക്കണമെന്നും, ഘോഷയാത്രക ളിൽ കുട്ടികളുടെ ഉത്തമ താത്പര്യം സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താനും തദ്ദേശ സ്വയംഭരണം, നഗരകാര്യം, പൊതു വിദ്യാഭ്യസം എന്നി വകുപ്പ് സെക്രട്ടറി എന്നി വർക്ക് നിർദ്ദേശം നൽകി. |

| | | | |
|---|---|---|---|
| 7. | സി.ആർ.എം.പി. നം. 2596/01-സി/സി1/2020/കെ.ഇ. എസ്.സി.പി.സി.ആർ. | മലയാള സിനിമകളിലും മറ്റു ഭാഷാ ചിത്രങ്ങളിലും കുട്ടികൾക്കെതിരെയുള്ള അക്രമങ്ങൾ, കുട്ടികൾ സാക്ഷിയായിട്ടുള്ള അക്രമങ്ങൾ എന്നിവ നോർമലൈസ് ചെയ്യുന്ന രീതിയിൽ അവതരിപ്പിക്കുന്നത് നിത്യജീവിതത്തിൽ കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടാനുള്ള സാഹചര്യം ഉണ്ടാക്കുന്നു എന്ന പരാതി | കുട്ടികൾക്കെതിരായ അതിക്രമങ്ങളുടെ രംഗങ്ങളിൽ തന്നെ 'violence against children is punishable under law' എന്നും മലയാളത്തിൽ 'കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ശിക്ഷാർഹമാണ്'എന്ന് എഴുതി കാണിക്കുന്നതിനുള്ള നിർദ്ദേശം സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ റീജിയണൽ ഓഫീസർക്ക് നൽകി. |
| 8. | സി.ആർ.എം.പി. നം. 997/01-ആർ/സി1/2022/കെ.ഇ. എസ്.സി.പി.സി.ആർ. | തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ ടാബ്ലറ്റുകൾ, ഫോണുകൾ, ലാപ്ടോപ്പ് എന്നിവ വിതരണം ചെയ്യാൻ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല എന്ന പരാതി. | തദ്ദേശസ്ഥാപനങ്ങൾ ഗോത്രവർഗ്ഗ ഫണ്ട് വിനിയോഗിക്കുമ്പോൾ അതാതു പഞ്ചായത്തിലെ ഊരുകൂട്ടം തീരുമാനിക്കുന്ന പദ്ധതികൾ പ്രത്യേകിച്ച് കുട്ടികളുമായി ബന്ധപ്പെട്ടത് പൂർണ്ണമായി നടപ്പിലാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി. |
| 9. | സി.ആർ.എം.പി. നം. 12725/01-സി/സി1/2022/ കെ. ഇ.എസ്.സി.പി.സി.ആർ. | കുട്ടികളുടെ നാസിക് ഡോൾ സംഘങ്ങൾ ആവാസമേഖലകളിലും പൊതുസ്ഥലങ്ങളിലും ഉണ്ടാക്കുന്ന ഉപദ്രവങ്ങൾ വിവിധ ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്നതിനാൽ നാസിക് ഡോളുകൾ അടിയന്തിരമായി നിയന്ത്രിക്കണമെന്നുമുള്ള പരാതി | സംസ്ഥാനത്ത് നാസിക് ഡോളുമായി ബന്ധപ്പെട്ട് കുട്ടികളുടെ പരാതി ലഭിച്ചാൽ ഉടൻ തന്നെ പരിഹാരം കാണുവാൻ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് നിർദ്ദേശം നൽകി. |
| 10. | സി.ആർ.എം.പി. നം. 5831/01-ആർ/സി1/2022/ കെ. ഇ.എസ്.സി.പി.സി.ആർ. | തിരുവനന്തപുരം ഉച്ചക്കടയിൽ എൽ.എം.എസ്.എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷ്യവിഷബാധ എന്ന സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസ്സെടുത്തു. | കുട്ടികൾക്ക് സ്കൂളുകളിൽ നൽകുന്ന ഭക്ഷണവും വെള്ളവും ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്താൻ കർശന പരിശോധന നടത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകി. |

| | | | |
|---|---|---|---|
| 11. | സി.ആർ.എം.പി. നം. 01594/06/2023/ കെ.ഇ.എസ്. സി.പി.സി.ആർ. | സബ് ജില്ലാ പ്രവർത്തി പരിചയ മേളയിലെ മത്സര ഫലത്തിന്മേൽ അപ്പീൽ അനുവദിച്ചിട്ടും പേര് ഉൾപ്പെടുത്താത്തതിനാൽ അവസരം നഷ്ടപ്പെടുത്തി യത് സംബന്ധിച്ചുള്ള പരാതി. | ടാബുലേഷൻ ഷീറ്റിൽ കൃത്രിമത്വം നടന്നതിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമഗ്രമായ അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകി. |
| 12. | സി.ആർ.എം.പി. നം. 2776/07/ എൽ.എ.1/2023/ കെ.ഇ.എസ്. സി.പി.സി.ആർ. | ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലെ തീ പിടുത്തം കാരണം പ്ലാന്റിന്റെ ചുറ്റുവട്ട ത്തുള്ള കുട്ടികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ചുള്ള പരാതി. | പ്ലാന്റിന്റെ 3 കിലോ മീറ്റർ പരിധിയിലുള്ള സ്കൂളുകളിലെ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി 3 മാസത്തിൽ ഒരിക്കൽ ശ്വാസകോശ വിദഗ്ദ്ധരെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും മലിനീകരണം നിമിത്തം രോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത പരിഗണിച്ച് ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന് മെഡിക്കൽ സംഘത്തെ നിയോഗിച്ച് പരിശോധന നടത്താൻ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. |

## അന്വേഷണ വിചാരണയിലെ പ്രതിസന്ധികൾ

ബാലാവകാശ ലംഘനം, ബാലാവകാശ നിഷേധം എന്നിവ സംബന്ധിച്ച അന്വേഷണ വിചാരണയിൽ ആശ്വാസ നടപടികൾക്കായി ശുപാർശകൾ നൽകുന്നതും കമ്മീഷന്റെ സുപ്രധാന കർത്തവ്യമാണ്. ഇപ്രകാരം നൽകുന്ന ശുപാർശകൾ 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം സർക്കാരിനും മറ്റ് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്കും അയച്ചുകൊടുക്കുകയും അതിന്മേൽ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ദിവസങ്ങൾക്കകം കമ്മീഷന് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുകയാണ് കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർ നടപടി. എന്നാൽ ഇത്തരത്തിൽ നടപടി റിപ്പോർട്ട് ലഭിക്കുന്നതിന് പലപ്പോഴും വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നത് വസ്തുതയാണ്. ഇത് ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള ക്ഷേമകാര്യങ്ങളും ബാലാവകാശ സംരക്ഷണവും കുട്ടികൾക്ക് ലഭിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്നതിനാൽ ഇത്തരം അനാസ്ഥ ഒഴിവാക്കേണ്ടതുണ്ട്.

# I

# സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള പ്രവർത്തനങ്ങൾ

## അധ്യാപക പരിശീലനം

സംസ്ഥാന പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യാപകർക്ക് ബാലാവകാശസംരക്ഷണ നിയമങ്ങളുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പരിശീലന പരിപാടിയുടെ ഒന്നും, രണ്ടുംഘട്ടം എസ്.സി.ഇ.ആർ.ടിയുമായി ചേർന്ന് സംഘടിപ്പിച്ചിരുന്നു. ഇതിന്റെ മൂന്നാം ഘട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, എസ്.എസ്.കെ. ഡയറക്ടർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 2024 ഫെബ്രുവരി 14-ന് കൂടിയാലോചനയോഗം സംഘടിപ്പിച്ചു. കുട്ടികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും, ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവബോധം പകർന്ന് നൽകേണ്ടത് അധ്യാപകരായതിനാൽ പ്രസ്തുത പരിശീലനം പ്രധാന്യം അർഹിക്കുന്നുവെന്ന് യോഗം വിലയിരുത്തി. അധ്യാപക പരിശീലനത്തിന്റെ ഒന്നാംഘട്ടവും രണ്ടാംഘട്ടവും വിജയകരമായി പൂർത്തികരിച്ചുവെന്നും അധ്യാകർക്ക് ബാലാവകാശങ്ങളെക്കുറിച്ചും കുട്ടികളുടെ സംരക്ഷണ നിയമങ്ങളെക്കുറിച്ചും അവബോധം നൽകിയതുവഴി അവരുടെ ഇടപെടലുകളിൽ മാറ്റങ്ങൾ വന്നതായും യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മൂന്നാംഘട്ട പരിശീലനം സംഘടിപ്പിക്കുവാൻ തീരുമാനിക്കുകയും ബാലാവകാശ നിയമങ്ങൾ (ആർ.ടി.ഇ 2009, ജെ.ജെ. 2015, പോക്സോ 2012, കുട്ടികളോടുള്ള മനശാസ്ത്രപരമായ സമീപനം) എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## എസ്.പി.സി അധ്യാപകർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം-കൂടിയാലോചന യോഗം

കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് കുട്ടികളെയും, രക്ഷിതാക്കളെയും, അധ്യാപകരെയും, സമൂഹത്തെയും ബോധവൽക്കരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഇത് മുൻനിർത്തി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ എസ്.പി.സി.യുമായി ചേർന്ന് സംസ്ഥാനത്തെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളിലെയും എസ്.പി.സി.യുടെ ചാർജുള്ള അധ്യാപകർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകുന്നതിന് തീരുമാനിക്കുകയും ബാലാവകാശ നിയമങ്ങളെകുറിച്ചുള്ള അവബോധം എസ്.പി.സി കേഡറ്റുകളായ കുട്ടികളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, എസ്.പി.സി നോഡൽ ഓഫീസർ, പൊതുവിദ്യാഭ്യാസവകുപ്പ് എന്നിവരുമായി 2023 സെപ്റ്റംബർ 19-ന് ഒരു കൂടിയാലോചന യോഗം സംഘടിപ്പിച്ചു. പ്രസ്തുത പരിശീലനം സംസ്ഥാനത്തെ നിലവിലെ 2000 എസ്.പി.സി അധ്യാപകർക്ക് നൽകി അവരിലൂടെ കുട്ടികളിലേയ്ക്ക് പകർന്ന് നൽകി അവരെ ചൈൽഡ് റൈറ്റ്സ് അംബാസിഡർമാരാക്കുക എന്നതാണ് ലക്ഷ്യം.

## എസ്.പി.സി അധ്യാപകർക്ക് പരിശീലനം നൽകി

കുട്ടികളുടെ അവകാശങ്ങളെ കുറിച്ചും കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും വിപുലമായ ബോധവത്ക്കരണം ആവശ്യമാണെന്ന് കമ്മീഷന്റെ കണ്ടെത്തലുകളിൽ നിന്ന് കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ, സമൂഹം എന്നിവരിലേക്ക് അവബോധം എത്തിക്കുന്നതിനായി പോലീസ് വകുപ്പിന്റെ സ്കൂൾ തലത്തിലെ എസ്.പി.സി. പദ്ധതിയുടെ ചുമതലയുള്ള അധ്യാപകർക്കും നോഡൽ ഓഫീസർമാർക്കും നൽകുന്നത് സംബന്ധിച്ച് കമ്മീഷൻ സംഘടിപ്പിച്ച കൂടിയാലോചനായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമായി കേരളത്തിലെ 15 പോലീസ് ജില്ലകളിലെയും എസ്.പി.സിയുടെ ചുമതലയുള്ള അധ്യാപകർക്ക് ബാലാവകാശങ്ങൾ, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009, ബാലനീതി ആക്റ്റ് 2015, പോക്സോ ആക്റ്റ്, 2012 എന്നീ വിഷയങ്ങളിൽ ജില്ലാതല ഏകദിന പരിശീലനം സംഘടിപ്പിച്ചു.

| നം | ജില്ല | തീയതി | പങ്കെടുത്തവർ |
|---|---|---|---|
| 1. | തിരുവനന്തപുരം സിറ്റി | 15.01.2024 | 80 |
| 2. | തിരുവനന്തപുരം റൂറൽ | 05.01.2024 | 84 |
| 3. | കൊല്ലം | 12.01.2024 | 46 |
| 4. | പത്തനംതിട്ട | 09.01.2024 | 72 |
| 5. | ആലപ്പുഴ | 11.01.2024 | 86 |
| 6. | കോട്ടയം | 08.01.2024 | 92 |
| 7. | ഇടുക്കി | 09.01.2024 | 63 |
| 8. | എറണാകുളം | 08.01.2024 | 60 |
| 9. | തൃശ്ശൂർ | 11.01.2024 | 76 |
| 10. | പാലക്കാട് | 12.01.2024 | 70 |
| 11. | മലപ്പുറം | 08.01.2024 | 94 |
| 12. | കോഴിക്കോട് | 09.01.2024 | 72 |
| 13. | വയനാട് | 11.01.2024 | 76 |
| 14. | കണ്ണൂർ | 12.01.2024 | 90 |
| 15. | കാസർഗോഡ് | 15.01.2024 | 96 |

## കർത്തവ്യവാഹകരുടെ അവലോകനയോഗം

കുട്ടികൾ നമ്മുടെ രാജ്യത്തിന്റെ സമ്പത്താണ്. രാഷ്ട്രത്തിന്റെ പുരോഗതിയും വികസനവും നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകങ്ങളിലൊന്നാണ് കുട്ടികൾ. കുട്ടികളുടെ സമഗ്രമായ വികസന വും, സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടത് രാഷ്ട്രത്തിന്റെ പ്രാഥമിക കർത്തവ്യമാണ്. ഭാരതത്തിന്റെ ഭരണഘടന നമുക്ക് ഉറപ്പുതരുന്ന മൗലികാവകാശങ്ങളിൽ പ്രധാനമായ ഒന്നാണ് വിദ്യാഭ്യാസത്തി നുള്ള അവകാശം.

6 മുതൽ 14 വയസുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ് (ആർ.ടി.ഇ. ആക്റ്റ്, 2009) ഭാരത റിപ്പബ്ലിക്കിന്റെ 60-ാം സംവത്സരത്തിൽ പാർലമെന്റ് പാസ്സാക്കുകയും പ്രസ്തുത നിയമം 2010 ഏപ്രിൽ 1 - ന് നമ്മുടെ രാജ്യത്ത് പ്രാബല്യത്തിൽ വരുകയും ചെയ്തു. ആർ.ടി.ഇ. ആക്റ്റിലെ 31-ാം വകുപ്പു പ്രകാരം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം സംബന്ധിച്ച നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള അധികാരം ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമായതിനാൽ പ്രസ്തുത ആക്റ്റുമായി ബന്ധപ്പെട്ട മുഴുവൻ കർത്തവ്യവാഹകരെയും ഉൾപ്പെടുത്തി 14 ജില്ലകളിലും അവലോകനയോഗം സംഘടിപ്പിക്കുകയും, പ്രവർത്തനങ്ങൾ വിലയിരുത്തുകയും യോഗത്തിൽ ഉന്നയിച്ച പ്രശ്നങ്ങൾക്ക് കമ്മീഷൻ പരിഹാ രമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

## പ്രീ-പ്രൈമറി ക്ലാസുകളിലെ സിലബസ് ഏകീകരണം - കൂടിയാലോചനായോഗം

കേരളത്തിൽ 3 വയസ്സു മുതൽ 6 വയസ്സു വരെയുള്ള കുട്ടികൾക്ക് പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകി വരുന്നു. വ്യത്യസ്തതലത്തിലുള്ള ക്ലാസുകൾ പ്രീ-നഴ്സറി, നഴ്സറി, കിന്റർ ഗാർഡൻ, എൽ. കെ.ജി, യു.കെ.ജി എന്നീ പേരുകളിൽ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ സംസ്ഥാനത്തുള്ള പ്രീ-പ്രൈമറി സ്കൂൾ പ്രവർത്തനങ്ങൾക്ക് ഏകീകൃത രൂപമില്ല. വിവിധ സ്ഥാപനങ്ങൾ വ്യത്യസ്ത കാഴ്ചപ്പാടുകൾ പുലർത്തുകയും ചെയ്യുന്നു. നിലവിലുള്ള സിലബസുകൾ ഓഡിറ്റ് നടത്തുകയും ഇവയെ ഒരു ഏകീകൃത സിലബസാക്കി മാറ്റി കുട്ടികളിലേക്ക് എത്തിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ വനിതാശിശു വികസന വകുപ്പ്, വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ എന്നിവരുമായി 2023 ജൂലൈ 19-ന് കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

## സൈബർ സുരക്ഷ ബോധവത്ക്കരണം-കൂടിയാലോചനയോഗം

ഇന്റർനെറ്റ്, മൊബൈൽഫോൺ, നവമാധ്യമങ്ങൾ, ഡിജിറ്റൽ ഗെയിമുകൾ എന്നിവ വഴി നിരവധി സൈബർ സുരക്ഷാ പ്രശ്നങ്ങൾ കുട്ടികൾ അനുഭവിക്കുന്നു. 2017 ൽ ആരംഭിച്ച പീഹണ്ട് ഓപ്പറേഷ നിൽ 1296 കേസുകൾ രജിസ്റ്റർ ചെയ്തതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ 40% കുട്ടികളാണ് കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളത്. കുട്ടികൾ അറിവില്ലാതെ നിരോധിത സൈറ്റുകൾ ഉപയോഗി ക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യുന്നു. സൈബർസുരക്ഷയെകുറിച്ചും, ഇന്റർനെറ്റിന്റെ നല്ല ഉപയോഗത്തെ കുറിച്ചുള്ള അറിവില്ലായ്മ കാരണം ചതിക്കുഴികളിൽപ്പെടാതിരിക്കാനും വേണ്ടി നിയമ അവബോധം നൽകുന്നതിനും, സൈബർ ഇടങ്ങളിൽ സ്വയം സുരക്ഷിതരാവാനും കേരളത്തിലെ 14 ജില്ലകളിലെയും 8, 9, 10, 11, 12 ക്ലാസുകളിലെ കുട്ടികൾക്ക് ബോധവത്കരണം നടത്തുന്നതിനായി 2023

സെപ്റ്റംബർ 20-ന് നോഡൽ ഓഫീസർ സൈബർഡോം, പൊതുവിദ്യാഭ്യാസ വകുപ്പ്, എസ്.പി.സി. നോഡൽ ഓഫീസർ എന്നിവരുമായി കൂടിയാലോചന യോഗം സംഘടിപ്പിച്ചു. പരിശീലനം 2024-2025 സാമ്പത്തിക വർഷം മൂന്ന് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ തീരുമാനിക്കുകയും ചെയ്തു. 2023 - ലെ ശിശുദിന വാരാഘോഷ പരിപാടിയുടെ ഭാഗമായി ഈ വിഷയത്തിൽ പ്രഗത്ഭരെ ഉൾപ്പെടുത്തി ഡി.സി.പി.ഒ. മുഖാന്തിരം ബോധവത്ക്കരണ പരിപാടി എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.

## സംസ്ഥാനത്തെ പ്രീപ്രൈമറി മുതലുള്ള അധ്യാപക പരിശീലന സിലബസിൽ ബാലാവകാശസംരക്ഷണ നിയമങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് -കൂടിയാലോചനാ യോഗം.

കേരളത്തിലെ വിവിധ അധ്യാപക പരിശീലന കോഴ്സുകളുടെ സിലബസുകൾ കമ്മീഷൻ വിശദമായി പരിശോധിക്കുകയും പരിശീലന സിലബസിൽ വിദ്യാഭ്യാസ തത്വശാസ്ത്രം അഥവാ എഡ്യുക്കേഷൻ ഫിലോസഫി, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട എഡ്യുക്കേഷൻ പെഡഗോഗി എന്നിവയുടെ വിശദീകരണവും കേസ് സ്റ്റഡികളും ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മന:ശാസ്ത്രത്തിൽ വിദ്യാർത്ഥിയുടെ സ്വഭാവരൂപീകരണം, മാൽഅഡ്ജസ്റ്റ്മെന്റ്, കൗമാരം എന്നിവയെക്കുറിച്ചുള്ള തിയറികൾ (ബ്രൂണർ, സ്കിന്നർ, ഫ്രോയിഡ്, പാവ്‌ലോ തുടങ്ങിയവ) ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു കുട്ടിയുടെ ഭാവിയെ നിർണ്ണയിക്കുന്ന, അവരുടെ സ്വഭാവ രൂപീകരണത്തെ സ്വാധീനിക്കുന്ന ഒന്നാണ് അവരുടെ ബാല്യത്തിൽ അവർക്കുണ്ടാകുന്ന അനുഭവങ്ങൾ, ബാല്യത്തിലോ, കൗമാരത്തിലോ ചൂഷണങ്ങളും അതിക്രമങ്ങളും നേരിടേണ്ടിവരുന്ന കുട്ടികൾക്കോ, ആ അവസ്ഥ എങ്ങനെ നേരിടണം എന്നതിനെക്കുറിച്ച് ഒരു വിദ്യാർത്ഥിക്കോ അവന്റെ അല്ലെങ്കിൽ അവളുടെ അവകാശങ്ങൾ എങ്ങനെ നേടിയെടുത്ത് കൊടുക്കാമെന്ന് അധ്യാപകർക്കോ മതിയായ അറിവ് ലഭിക്കുന്നില്ല. അധ്യാപകർ വിദ്യാർത്ഥികളായിരിക്കുമ്പോൾ തന്നെ കുട്ടികളുടെ അവകാശങ്ങളെയും സംരക്ഷണ നിയമങ്ങളെയുംക്കുറിച്ചുള്ള അവബോധം നൽകാൻ കഴിഞ്ഞാൽ വളർന്ന് വരുന്ന അധ്യാപക സമൂഹത്തിനെ സാമൂഹിക പ്രതിബദ്ധതയുള്ള, കുട്ടികളോട് സൗഹൃദം പുലർത്തുന്ന കുട്ടികളെ സംരക്ഷിക്കുന്ന അധ്യാപകരാക്കി മാറ്റുവാൻ സാധിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ അധ്യാപക പരിശീലന സിലബസിൽ ബാലാവകാശസംരക്ഷണ നിയമങ്ങൾ ഒരു വിഷയമായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേരളത്തിലെ 14 ജില്ലകളിലെയും സർവ്വകലാശാല രജിസ്ട്രാർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ എന്നിവരെ ഉൾപ്പെടുത്തി 2024 ഫെബ്രുവരി 14-ന് ഓൺലൈനായി ഒരു യോഗം സംഘടിപ്പിച്ചു.

# II

# ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ ആക്റ്റ്-2012) നടപ്പിലാക്കുന്നതിൽ കമ്മീഷൻ കൈകൊണ്ട പ്രവർത്തനങ്ങൾ

## സംസ്ഥാന പോലീസിൽ നിന്ന് ലഭ്യമായ വിവരങ്ങൾ


പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് വിഭാഗം നിർണായക പങ്ക് വഹിച്ചു വരുന്നു. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു പോലീസ് ഉദ്യോഗസ്ഥനെ (ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ) കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനുമാത്രമായി നിയമിച്ചിരിക്കുന്നു. കുട്ടികൾ ഉൾപ്പെടുന്നതും, കുട്ടികളെ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നതുമായ എല്ലാ കേസുകളും അനുബന്ധ കാര്യങ്ങളും ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ (സി.ഡബ്ല്യൂ.പി.ഒ.) മുഖേന നിർവ്വഹിച്ചു വരുന്നു.

സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ നിയമപ്രകാരമുള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ തയ്യാറാക്കിയ നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമയിൽ ജില്ലകളിൽ നിന്ന് ശേഖരിച്ച് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ മുഖാന്തിരം കമ്മീഷനിൽ ലഭ്യമാക്കി ക്രോഡീകരിക്കുന്നു. ഇപ്രകാരം ക്രോഡീകരിച്ച റിപ്പോർട്ട് കമ്മീഷൻ വിശകലനം ചെയ്യുകയും ആവശ്യമായ ഇടപെടൽ നടത്തുകയുമുണ്ടായി.


## സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ മുഖാന്തിരം 2013 മുതൽ 2023 വരെ കമ്മീഷനിൽ ലഭ്യമാക്കിയ പോക്സോ കേസുകൾ

2023-ൽ സംസ്ഥാനത്ത് 4663 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പോക്സോ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള ഈ പത്ത് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ പോക്സോ കേസുകൾ ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. നിയമ സാക്ഷരത, ബോധവത്ക്കരണ പ്രവർത്തനങ്ങൾ കൂടിയതും കേസുകൾ വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

പോലീസിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ അപഗ്രഥിച്ചതിൽ നിന്നും ലൈംഗിക കുറ്റകൃത്യങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.





## കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ ജില്ലാടിസ്ഥാനത്തിൽ




2023-ൽ സംസ്ഥാനത്തൊട്ടാകെ 4663 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പോലീസിൽ നിന്ന് ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ചതിൽ നിന്നും ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് കേസുകൾ പത്തനംതിട്ട ജില്ലയിലുമാണ്.

## രജിസ്റ്റർ ചെയ്തിട്ടുള്ള പോക്സോ കേസുകളും അതിജീവിതരായ കുട്ടികളുടെ വിശദാംശങ്ങളും





മേൽ വർഷത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 4663 പോക്സോ കേസുകളിൽ അതിജീവിതരായ 4701 കുട്ടികളാണുള്ളത്. പല കേസുകളിലും ഒന്നിൽ കൂടുതൽ അതിജീവിതരായ കുട്ടികളുണ്ടെന്നാണ് ഈ കണക്ക് സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ കുട്ടികൾക്ക് പോക്സോ നിയമത്തെക്കുറിച്ചും ബാലസൗഹൃദ നടപടിക്രമങ്ങളെക്കുറിച്ചും ബോധവൽക്കരണവും സ്വയം പ്രതിരോധ പരിശീലനങ്ങളും നൽകേണ്ടതുണ്ട്.

## പോക്സോ അതിജീവിതരായ കുട്ടികൾ ലിംഗാടിസ്ഥാനത്തിൽ




വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിലെ അതിജീവിതരായ 4701 കുട്ടികളിൽ 3972 (85%) പെൺകുട്ടികളും 659 (14%) ആൺകുട്ടികളുമാണുള്ളത്. 70 (1%) കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിവരങ്ങൾ പോലീസിൽ നിന്നും കമ്മീഷന് ലഭ്യമാക്കിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. ലൈംഗികാതിക്രമങ്ങൾക്ക് കൂടുതലായും വിധേയരാക്കപ്പെടുന്നത് പെൺകുട്ടികളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.


## പോക്സോ അതിജീവിതരായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം



മേൽ സൂചിപ്പിച്ച കാലയളവിൽ ലഭ്യമായ 4582 കേസുകൾ വിശകലനം ചെയ്തതിൽ കുറ്റകൃത്യം ചെയ്ത 5002 പ്രതികളിൽ കുറ്റകൃത്യത്തിനിരയായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം മേൽ സൂചിപ്പിക്കുന്ന പ്രകാരം വിശദീകരിച്ചിരിക്കുന്നു. ഇതിൽ 873 (17%) പേർ കുട്ടികൾക്ക് തിരിച്ചറിയാവുന്നവരും, 631 (13%) പേർ അയൽക്കാരും, 439 (9%) പേർ കുടുംബാംഗങ്ങളും, 435 (9%) പേർ ബന്ധുക്കളും, 477 (9%) പേർ സുഹൃത്തുക്കളും, 692 (14%) പേർ കമിതാക്കളും, 210 (4%) പേർ അധ്യാപകരും, 305 (6%) പേർ തിരിച്ചറിയാത്തവരും, 896 (18%) പേർ ബന്ധം രേഖ പ്പെടുത്താത്തവർ/ ബന്ധം അറിയാത്തവരും, 36 (1%) പേർ വാൻ/ബസ്/ഓട്ടോ ഡ്രൈവർമാരും ആണെന്നും കമ്മീഷൻ മനസിലാക്കുന്നു.


ഇതിൽ നിന്നും കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ ഉത്തരവാദിത്വപ്പെട്ട മാതാപിതാക്കളും, ബന്ധുക്കളും, സമൂഹവും, പോലീസും, സർക്കാരും അവരുടെ ഉത്തരവാദിത്വം വീഴ്ച്ച കൂടാതെ നിർവഹിച്ചെങ്കിൽ മാത്രമേ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉന്നമനവും നമുക്ക് ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കാണാവുന്നതാണ്.

## അതിജീവിതരായ കുട്ടികളുടെ പ്രായം മാനദണ്ഡമാക്കിയുള്ള വിശകലനം




ലൈംഗിക അതിക്രമങ്ങളെ അതിജീവിച്ച 4701 കുട്ടികളിൽ 0 മുതൽ 4 പ്രായ പരിധിയിലുള്ള 73 (2%) കുട്ടികളും, 5-9 വയസ്സുവരെയുള്ള 423 (9%) കുട്ടികളും, 10 മുതൽ 14 വയസുവരെയുള്ള 1574 (32%) കുട്ടികളും, 15 മുതൽ 18 പ്രായപരിധിയിലുള്ള 2519 (54%) കുട്ടികളും, പ്രായം വ്യക്തമല്ലാത്ത/ രേഖപ്പെടുത്താത്ത 112 (3%) കുട്ടികളും ലൈംഗിക അതിക്രമത്തിന് വിധേയരായി കാണുന്നു. കുട്ടികൾക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങളോട് പ്രതികരിക്കാനുള്ള ശേഷി വളർത്തിയെടുക്കേണ്ടതും പ്രായത്തിന് അനുസരിച്ചുള്ള സുരക്ഷാ അവബോധം ലഭ്യമാക്കുന്നതിന് മാതാപിതാക്കളും രക്ഷിതാക്കളും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട് എന്നും കാണുന്നു.

## ലൈംഗികാതിക്രമം നടന്ന സ്ഥലം സംബന്ധിച്ച വിശദാംശങ്ങൾ





4663 പോക്സോ കേസുകളിൽ കൃത്യം നടന്ന സ്ഥലം വിശകലനം ചെയ്യുമ്പോൾ 988 (21%) കേസുകളിൽ കൃത്യം നടന്നത് കുട്ടികളുടെ വീടുകളിലും, 725 (15%) കേസുകളിൽ കൃത്യം നടന്നത് പ്രതികളുടെ വീടുകളിലും, 935 (20%) കേസുകളിൽ പൊതു സ്ഥലങ്ങളിലും, 146 (3%) കേസുകളിൽ വ്യത്യസ്ത സ്ഥലങ്ങളിലും, 166 (3%) കേസുകളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിലും, 173 (4%) കേസുകളിൽ സ്കൂളിലും, 130 (3%) കേസുകളിൽ വാഹനങ്ങളിലും, 60 (1%) കേസുകളിൽ ഹോട്ടലുകളിലും, 72 (2%) കേസുകളിൽ സുഹൃത്ത് ഭവനങ്ങളിലും, 73 (2%) കേസുകളിൽ മത സ്ഥാപനങ്ങളിലും, 16 (0%) കേസുകളിൽ ആശുപത്രികളിലും, 8 (0%) കേസുകളിൽ ശിശു സംരക്ഷണ സ്ഥാപനങ്ങളിലുമാണ് എന്ന് കാണാവുന്നതാണ്. എന്നാൽ 791 (17%) കേസുകളിൽ അതിക്രമം നടന്നതിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ നിന്നു ലഭ്യമായ വിവരങ്ങൾ


2012 - ലെ പോക്സോ ആക്റ്റ് നടപ്പാക്കുന്നതിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ സുപ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്നും ലൈംഗികാതിക്രമത്തിന് വിധേയരായ കുട്ടികളുടെ വിവരങ്ങൾ കമ്മീഷൻ മാസാടിസ്ഥാനത്തിൽ ശേഖരിച്ച് വിശകലനം ചെയ്യുന്നു.

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ സംബന്ധിച്ച വിവരം 2012 - ലെ പോക്സോ ആക്റ്റിലെ 19 (6) - ാം വകുപ്പ് പ്രകാരം പോലീസ് ഉദ്യോഗസ്ഥർ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2023 കാലയളവിൽ പോലീസ് വകുപ്പിൽ നിന്നും 4633 പോക്സോ കേസുകളെ സംബന്ധിച്ച വിവരമാണ് കമ്മീഷനിൽ ലഭ്യമാക്കിയത്. എന്നാൽ ശ്രദ്ധയും സംരക്ഷണവുമായി ബന്ധപ്പെട്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ലഭിച്ച വിശദാംശങ്ങളിൽ 2483 (35%) വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

2023 ജനുവരി മുതൽ ഡിസംബർ വരെ 2483 കേസുകളാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ എത്തിയിരിക്കുന്നത്. ജില്ല തിരിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.





## ശ്രദ്ധയും സംരക്ഷണവും ആവശ്യമായ അതിജീവിതരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ



ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ പോലീസ് മുഖാന്തരം റിപ്പോർട്ട് ചെയ്യപ്പെട്ട 2483 (87%) കേസുകളിൽ 313 (13%) ആൺകുട്ടികളും 2170 (87%) പെൺകുട്ടികളും ഉൾപ്പെടുന്നു എന്ന് മനസിലാക്കുന്നു.

## ശ്രദ്ധയും സംരക്ഷണവും ആവശ്യമായ അതിജീവിതരുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ





## കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ

പോക്സോ ആക്റ്റിലെ വകുപ്പ് 33(8) പ്രകാരം പോക്സോ അതിജീവിതരായ കുട്ടിയുടെയോ അല്ലെങ്കിൽ കുട്ടിയ്ക്ക് വേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷയുടെയോ അടിസ്ഥാനത്തിൽ ഇടക്കാലാശ്വാസമായോ, പുനരധിവാസത്തിനായോ പ്രത്യേക കോടതിയിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ട്.

കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും പോക്സോ ആക്റ്റിന്റെ നിരീക്ഷണത്തിന്റെ ഭാഗമായി ലൈംഗികാതിക്രമത്തെ അതിജീവിച്ച കുട്ടികൾക്ക് ലഭ്യമാക്കിയ നഷ്ടപരിഹാരത്തിനെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി ഒരു ചോദ്യാവലി കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം ലഭ്യമാക്കുന്ന വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ ശേഖരിച്ച് വിശകലനം ചെയ്തുവരുന്നു.


കേരള നിയമ സേവന അതോറിറ്റിയിൽ നിന്നും കുട്ടികൾക്ക് അനുവദിച്ച നഷ്ടപരിഹാരതുകയുടെ വിശദാംശങ്ങൾ ഒറ്റത്തവണയായി കമ്മീഷൻ ശേഖരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിജീവിതരായ കുട്ടികൾക്ക് അനുവദിച്ച നഷ്ടപരിഹാര തുകയെ സംബന്ധിച്ച് പുരോഗതി ഉണ്ടെങ്കിലും അപര്യാപ്തത നിലനിൽക്കുന്നു.

## 2023 – 2024 ൽ കേരള നിയമസേവന അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാര തുക അനുവദിച്ച അതിജീവിതരായ കുട്ടികളുടെ വിശദാംശങ്ങൾ





2023–2024 സാമ്പത്തിക വർഷത്തിൽ 346 അതിജീവിതരായ കുട്ടികൾക്ക് കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാര(ഇടക്കാല/അന്തിമ)തുക ലഭ്യമായിട്ടുണ്ട്.

## കോടതിയിൽ നിന്ന് ഇടക്കാല നഷ്ടപരിഹാരത്തിനായി ഉത്തരവ് ലഭിച്ച അതിജീവിതരായ കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ




## കോടതിയിൽ നിന്ന് അന്തിമ നഷ്ടപരിഹാരത്തിനായി ഉത്തരവ് ലഭിച്ച അതിജീവിതരായ കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ





ഇടക്കാല നഷ്ടപരിഹാരത്തിനായി 5 ആൺകുട്ടികൾക്കും 38 പെൺകുട്ടികൾക്കും അന്തിമ നഷ്ടപരിഹാരത്തിനായി 38 ആൺകുട്ടികൾക്കും 217 പെൺകുട്ടികൾക്കും സംസ്ഥാനത്തെ പോക്സോ കോടതികളിൽ നിന്നും ഉത്തരവ് ലഭിച്ചിട്ടുണ്ട്.

## ജില്ലാ നിയമ സേവന അതോറിറ്റിയിൽ നിന്നും ഇടക്കാല നഷ്ടപരിഹാര തുകയ്ക്ക് അപേക്ഷ സമർപ്പിച്ച അതിജീവിതരായ കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ




## ജില്ലാ നിയമ സേവന അതോറിറ്റിയിൽ നിന്നും അന്തിമനഷ്ടപരിഹാര തുകയ്ക്ക് അപേക്ഷ സമർപ്പിച്ച അതിജീവിതരായ കുട്ടികളുടെ ലിംഗാടിസ്ഥാ നത്തിലുള്ള വിശദാംശങ്ങൾ




ഇടക്കാല നഷ്ടപരിഹാര തുക പോക്സോ അതിജീവിതരായ 5 ആൺകുട്ടികളും 8 പെൺകുട്ടികളും അന്തിമ നഷ്ടപരിഹാര തുകയ്ക്ക് അതിജീവിതരായ 1 ആൺകുട്ടിയും 14 പെൺകുട്ടികളും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## ജില്ലാടിസ്ഥാനത്തിൽ അനുവദിച്ച ഇടക്കാല നഷ്ടപരിഹാര തുക, അന്തിമ നഷ്ടപരിഹാര തുക എന്നിവയുടെ വിശദാംശങ്ങൾ



പോക്സോ കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും കേരള നിയമസേവന അതോറിറ്റി മുഖാന്തിരവും ലൈംഗികാതിക്രമത്തിന് വിധേയരായ കുട്ടികൾക്ക് ഇടക്കാല നഷ്ട പരിഹാര തുകയായി പത്തൊമ്പത് ലക്ഷത്തി അയ്യായിരം രൂപയും (19,05,000/-) അന്തിമനഷ്ട പരിഹാര തുകയായി എഴുപത്തിരണ്ട് ലക്ഷം രൂപയും (72,00,000/-) 2023 - 2024 സാമ്പത്തിക വർഷത്തിൽ ലഭ്യ മാക്കിയിട്ടുണ്ട്.

2023 - 2024 -ൽ കേരള നിയമസേവന അതോറിറ്റിയിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ വില യിരുത്തുമ്പോൾ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ അതിജീവിതരായ കുട്ടികൾക്ക് ഇടക്കാല - അന്തിമ നഷ്ടപരിഹാര തുക ഒന്നും തന്നെ ലഭിച്ചിട്ടില്ലായെന്നു മനസ്സിലാകുന്നു.

# മറ്റ് പ്രവർത്തനങ്ങൾ

## നെട്ടയം ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്റർ സന്ദർശനം

കേരള സർക്കാർ 13.03.2023-ൽ പുറപ്പെടുവിച്ച GO(MS)17/2012/SWD നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നടപ്പാക്കി വരുന്ന നിർഭയ നയത്തിന്റെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുകയും പുനരധിവാസ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തുടനീളമുള്ള 18 സ്ഥാപനങ്ങളിലെ കുട്ടികളിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയും, ഗർഭഛിദ്രത്തിന് വിധേയരായവർക്കും ആവശ്യമായ സമഗ്ര ആരോഗ്യ പരിചരണം നൽകുന്നതിനായിട്ടാണ് ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്റർ എന്ന സ്ഥാപനത്തിലേക്ക് കുട്ടികളെ മാറ്റി താമസിപ്പിക്കുന്നത്. ടി സ്ഥാപനത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ കുട്ടികളെ മുകളിൽ പരാമർശിച്ചിരിക്കുന്ന നടപടിക്രമങ്ങൾക്കായി പ്രവേശിപ്പിച്ചിരിക്കുന്നു.

പോക്സോ ആക്റ്റ് 2012, വകുപ്പ് 44 പ്രകാരമുള്ള ടി നിയമത്തിന്റെ നിരീക്ഷണ ചുമതലയുടെ ഭാഗമായി ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നടപടിക്രമങ്ങൾ ബാല സൗഹാർദ്ദപരമാണോയെന്ന് നിരീക്ഷിക്കുന്നതിനും വേണ്ടിയാണ് 2023 ഏപ്രിൽ 20 തിയതി കമ്മീഷൻ അംഗങ്ങളായ ശ്രീമതി ബബിത ബി.,

ശ്രീ. സി. വിജയകുമാർ, രജിസ്ട്രാർ ശ്രീമതി മിനി ഭാസ്കർ, പോക്സോ സെൽ അംഗങ്ങളായ ശ്രീ. ബിജു ജോസ്, ശ്രീമതി ദേവി. പി. ബാലൻ, ശ്രീ. കിരൺദാസ്, ശ്രീമതി ബിനല മേരി ജേക്കബ് എന്നിവർ സ്ഥാപനം സന്ദർശിച്ചത്.

കമ്മീഷന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിൽ ഉടൻ നടപടികൾ സ്വീകരിക്കുന്നതിന് വനിതാ ശിശു വികസന-ആഭ്യന്തര-ആരോഗ്യ വകുപ്പുകൾക്ക് കമ്മീഷൻ ശിപാർശകൾ നൽകിയിട്ടുണ്ട്.

## വനിതാ ശിശു സംരക്ഷണ സ്ഥാപനത്തിലെ സൂപ്രണ്ടുമാർ, ഹോം മാനേജർമാർ എന്നിവരുമായുള്ള ഓൺലൈൻ കൂടിയാലോചനാ യോഗം

ലൈംഗികാതിക്രമങ്ങളെ അതിജീവിച്ചവരും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളവരുമായ പെൺകുട്ടികളെ വനിതാ ശിശു സംരക്ഷണ സ്ഥാപനങ്ങളിലാണ് താമസിപ്പിച്ചുവരുന്നത്. ലൈംഗികാതിക്രമങ്ങളെ അതിജീവിച്ച കുട്ടികൾക്കായി എൻട്രി ഹോമുകളും, തേജോമയ ഹോമും, മോഡൽ

ഹോമും, എസ്.ഒ.എസ്. ഹോമുകളും വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നിർഭയാ സെല്ലിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. കുട്ടികൾക്ക് വിദ്യാഭ്യാസം, ശാസ്ത്രീയ മായ പരിശീലനം, തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി തൃശ്ശൂർ ജില്ലയിൽ ഒരു മോഡൽ ഹോം ഉണ്ട്. അതിക്രമങ്ങൾക്ക് വിധേയരായി മാനസിക പ്രശ്നങ്ങളുള്ള കുട്ടികൾക്ക് പ്രത്യേക ചികിത്സ ഉറപ്പാക്കികൊണ്ട് തൃശ്ശൂർ രാമവർമ്മപുരത്ത് ഹോം ഫോർ മെന്റൽ ഹെൽത്ത് എന്ന സ്ഥാപന വും, 12 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കായി തിരുവനന്തപുരത്തും പാലക്കാടും എസ്.ഒ.എസ്. ഹോമുകളും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി എറണാകുളം കേന്ദ്രീകരിച്ച് തേജോമയ ഹോമും പ്രവർത്തിച്ചുവരുന്നു.

ടി സ്ഥാപനങ്ങളിലെ കുട്ടികളുടെ സംരക്ഷണം, പുനരധിവാസം, സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിരീക്ഷിക്കുവാൻ കമ്മീഷൻ ചെയർപേഴ്സണും മെമ്പർമാരും ഉദ്യോഗസ്ഥരും വിവിധ സ്ഥാപനങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, സ്ഥാപനവാസികളായ കുട്ടികൾക്ക് കൗൺസിലിംഗ്, നിയമ സഹായം, സപ്പോർട്ട് പേഴ്സന്റെ സേവനം, തുടർ വിദ്യാഭ്യാസം, വിവിധ സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പ്രശ്ന പരിഹാര നടപടികൾക്കായി സർക്കാരിന് ശുപാർശകൾ നൽകുക, സ്ഥാപനങ്ങളിൽ ബാല സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുക എന്നീ ലക്ഷ്യ ങ്ങൾക്കായി സംസ്ഥാനത്തെ എല്ലാ വനിതാ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെയും സൂപ്രണ്ട്മാ രെയും മാനേജർമാരെയും ഉൾപ്പെടുത്തി കമ്മീഷൻ ഒരു അവലോകന യോഗം ഓൺലൈനായി 2023 ഓഗസ്റ്റ് 3-ന് സംഘടിപ്പിച്ചു.

കമ്മീഷൻ നടത്തിയ സ്ഥാപന സന്ദർശനങ്ങളുടെയും അവലോകന യോഗങ്ങളുടെയും അടിസ്ഥാനത്തിൽ ജെ. ജെ. ആക്റ്റിലും പോക്സോ ആക്റ്റിലും വിഭാവനം ചെയ്യുന്ന തരത്തിൽ ബാലസൗഹൃദ അന്തരീക്ഷം ടി സ്ഥാപനങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് കുട്ടികളുടെ സംരക്ഷണം ഉറപ്പാ ക്കുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് വനിതാ ശിശു വികസനം, ആഭ്യന്തരം, പട്ടികജാതി പട്ടികവർഗ്ഗം, ആരോഗ്യം എന്നീ വകുപ്പുകൾക്ക് കമ്മീഷൻ ശിപാർശകൾ നൽകിയിട്ടുണ്ട്.

## അധ്യാപകർക്കായുള്ള പരിശീലന മൊഡ്യൂൾ

സംസ്ഥാനത്തെ സർക്കാർ സ്കൂൾ അധ്യാപകർക്ക് പോക്സോ ആക്റ്റുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിനുള്ള ഒരു മൊഡ്യൂൾ തയ്യാറാക്കി. ആക്റ്റിലെ വിവിധ വകുപ്പുകളും ആക്റ്റിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളും അവയ്ക്കുള്ള ശിക്ഷകളും വിവരിക്കുന്നതോടൊപ്പം പോക്സോ കേസ് കൈകാര്യം ചെയ്യേണ്ട രീതികളെക്കുറിച്ചും നിയമ നടപടികളെക്കുറിച്ചും മൊഡ്യൂളിൽ വ്യക്തമാക്കുന്നുണ്ട്. സ്കൂളുകളിൽ അധ്യാപകർ അറിയുന്ന പോക്സോ കേസുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും അധ്യാപകരുടെ പങ്കിനെക്കുറിച്ചും കേസ് അവതരണത്തിലൂടെ പ്രതിപാദിച്ചിട്ടുണ്ട്.

## പോക്സോ നിയമ നടത്തിപ്പ്, ജില്ലാതല കർത്തവ്യവാഹകരുടെ അവലോകന യോഗം

പോക്സോ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും അതിജീവിതരായ കുട്ടികൾക്ക് കാലതാമസം കൂടാതെ നീതി ഉറപ്പാക്കുന്നതിനും കമ്മീഷന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായ രീതിയിൽ നടത്തുന്നതിന് ജില്ലാതല കർത്തവ്യ വാഹകരുടെ ഇടപെടലുകൾ അനിവാര്യമാണ്.

പോക്സോ ആക്റ്റ്, 2012 വകുപ്പ് 44 പ്രകാരം ആക്റ്റിന്റെ നിരീക്ഷണ ചുമതല ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ജില്ലാതലത്തിൽ കർത്തവ്യവാഹകർ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും എല്ലാ ജില്ലകളിലെയും കർത്തവ്യവാഹകരുടെ അവലോകന യോഗങ്ങൾ 2023 ഒക്ടോബർ, നവംബർ മാസങ്ങളിൽ സംഘടിപ്പിച്ചു.

| നം | ജില്ല | സ്ഥലം | തിയതി |
|---|---|---|---|
| 1 | കാസർഗോഡ് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 17.10.2023 |
| 2 | ഇടുക്കി | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 18.10.2023 |
| 3 | വയനാട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 18.10.2023 |
| 4 | കോട്ടയം | കളക്ടറേറ്റ് തൂലികാ ഹാൾ | 19.10.2023 |
| 5 | പത്തനംതിട്ട | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 20.10.2023 |
| 6 | മലപ്പുറം | പ്ലാനിംഗ് ബോർഡ് കോൺഫറൻസ്ഹാൾ | 20.10.2023 |
| 7 | കോഴിക്കോട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 20.10.2023 |
| 8 | കണ്ണൂർ | കളക്ടറേറ്റ് ആഡിറ്റോറിയം | 21.10.2023 |
| 9 | ആലപ്പുഴ | ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ | 25.10.2023 |
| 10 | കൊല്ലം | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 27.10.2023 |
| 11 | തിരുവനന്തപുരം | വനിതാ ശിശു വികസന വകുപ്പ് ട്രെയിനിംഗ് ഹാൾ | 31.10.2023 |
| 12 | എറണാകുളം | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 10.11.2023 |
| 13 | തൃശ്ശൂർ | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 16.11.2023 |
| 14 | പാലക്കാട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 17.11.2023 |

കുട്ടികളുടെ വിദ്യാഭ്യാസാവകാശം, കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും ആക്റ്റ്, ബാലവേല നിരോധന ആക്റ്റ്, ബാലവിവാഹ നിരോധന ആക്റ്റ് എന്നീ നിയമങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച നിരീക്ഷണം നടത്തുന്നതോടൊപ്പം ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകർ നടത്തിയ പ്രവർത്തനങ്ങളും നേരിടുന്ന വെല്ലുവിളികളും ജില്ലാ-സംസ്ഥാന തലങ്ങളിൽ പരിഹരിക്കപ്പെടേണ്ട വിഷയങ്ങളും ചർച്ച ചെയ്യുകയുണ്ടായി.

## സർവ്വകലാശാലയിലെ അധ്യാപക പരിശീലന വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സിലബസിലെ കുട്ടികളുടെ അവകാശ സംരക്ഷണ നിയമങ്ങൾ എന്ന വിഷയത്തിൽ പോക്സോ ആക്റ്റ്, 2012 ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

പോക്സോ ആക്റ്റിന്റെ സവിശേഷതകൾ, ആക്റ്റിൻെറ നടത്തിപ്പിൽ പാലിക്കേണ്ട തത്വങ്ങൾ, വിവിധ വകുപ്പുകൾ, കുറ്റകൃത്യങ്ങളും ശിക്ഷയും, പോക്സോ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ അധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ കേസ് അവതരണത്തിലൂടെയും പവർപോയിന്റ് പ്രസന്റേഷനിലൂടെയും വളരെ ലളിതമായ രീതിയിൽ പോക്സോ ആക്റ്റ് സിലബസിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി.

## ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺമാർ, മെമ്പർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ എന്നിവരുമായുള്ള ഓൺലൈൻ കൂടിയാലോചനാ യോഗം

പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പോക്സോ കേസുകളിൽ ഉൾപ്പെട്ട ശ്രദ്ധയും സംരക്ഷണവും ആവശ്യമായിവരുന്ന കുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം, പുനരധിവാസം തുടങ്ങിയ കാര്യങ്ങളിൽ സി.ഡബ്ല്യു.സി.കൾ നടപടികൾ സ്വീകരിച്ചു വരുന്നു. പോക്സോ നിയമനടത്തിപ്പിന്റെ നിരീക്ഷണത്തിന്റെ ഭാഗമായി പോക്സോ അതിജീവിതരായ ഇത്തരം കുട്ടികളുടെ വിവരങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്നും മാസാടിസ്ഥാനത്തിൽ കമ്മിഷൻ ശേഖരിക്കുകയും ആയത് ക്രോഡീകരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തുവരുന്നു.

വിവരശേഖരണത്തിനായി കമ്മിഷൻ മുമ്പ് തയ്യാറാക്കി നൽകിയിരുന്ന പ്രൊഫോർമയിൽ അവ്യക്തതയുള്ളതായും മാസാടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായും കമ്മിഷൻ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ തയ്യാറാക്കിയ പുതിയ പ്രൊഫോർമയിൽ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ ഉൾപ്പെടുത്തി ആവശ്യമായ ഭേദഗതി വരുത്തുക, പോക്സോ അതിജീവിതരായ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ കൃത്യമായ വിവരങ്ങൾ കമ്മിഷനിൽ ലഭ്യമാക്കുന്നതിനാവശ്യമായ പരിശീലനം സി.ഡബ്ല്യു.സി.കൾക്ക് നൽകുക എന്നീ ഉദ്ദേശ്യത്തോടുകൂടി കമ്മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺമാരെയും മെമ്പർമാരെയും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരെയും ഉൾപ്പെടുത്തിയുള്ള ഒരു യോഗം ഓൺലൈനായി 2023 ഒക്ടോബർ 31-ന് സംഘടിപ്പിച്ചു. കമ്മിഷനും സി.ഡബ്ല്യു.സി.കളും ഡി.സി.പി.ഒ.മാരും പങ്കുവെച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തിയ പുതിയ പ്രൊഫോർമ സി.ഡബ്ല്യു.സി.കളിലേക്ക് സമയബന്ധിതമായും കൃത്യതയോടെയും കുട്ടികളുടെ വിവരങ്ങൾ കമ്മിഷനിലേക്ക് ലഭ്യമാക്കുന്നതിനായി അയച്ചുനൽകുകയും പുതിയ പ്രൊഫോർമയിൽ 2023 വർഷത്തെ മാസാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ചു വരുകയും ചെയ്യുന്നു.

## മാധ്യമങ്ങളും കുട്ടികളുടെ സ്വകാര്യതയും എന്ന വിഷയത്തിൽ മാധ്യമ പ്രവർത്ത കർക്കായുള്ള കൈപ്പുസ്തകം

കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം, പോക്സോ ആക്റ്റ്, ബാലനീതി ആക്റ്റ്, എന്നിവ യിലും മറ്റ് അനുബന്ധ നിയമങ്ങളിലും കുട്ടികളുടെ വിഷയങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമ പ്രവർത്തകർ പാലിക്കേണ്ട നടപടിക്രമങ്ങൾ വിവരിക്കുന്നുണ്ട്. പ്രസ്തുത നടപടിക്രമങ്ങളും മേൽ നിയമങ്ങളിലെ വ്യവസ്ഥകളും ഉൾക്കൊള്ളിച്ച് കമ്മീഷൻ കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തു.

## മാധ്യമങ്ങളും കുട്ടികളും എന്ന വിഷയത്തിൽ മാധ്യമ പ്രവർത്തർക്കായുള്ള ബോധ വൽക്കരണ പരിപാടി

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ ആഭ്യമുഖ്യത്തിൽ ''മാധ്യമങ്ങളും കുട്ടികളുടെ സംരക്ഷ ണവും പോക്സോ, ബാലനീതി ആക്റ്റു കളുടെ അടിസ്ഥാനത്തിൽ'' എന്ന വിഷയത്തിൽ 2023 നവംബർ 11-ന് എറണാകുളം ഹോട്ടൽ അബാദ് പ്ലാസയിൽ മാധ്യമ സെമിനാർ സംഘടിപ്പിച്ചു. കുട്ടികളുടെ വിഷയങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ മാധ്യമ പ്രവർത്തകർ പാലിക്കേണ്ട നടപടിക്രമങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം, പോക്സോ ആക്റ്റ്, ബാലനീതി ആക്റ്റ്, മറ്റ് അനുബന്ധ നിയമങ്ങൾ എന്നിവയിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ചില കേസുകളിൽ കുട്ടികളെ തിരിച്ചറിയുന്ന രീതിയിലുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കമ്മിഷൻ വിലയി രുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്.

കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. മനോജ് കുമാർ കെ. വി.യുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടന കർമ്മം ബഹു: കേരള ഹൈക്കോടതി ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ് നിർവ്വഹിച്ചു. ബഹു. മുഖ്യമന്ത്രിയുടെ പ്രസ്സ് സെക്രട്ടറി ശ്രീ. പി. എം. മനോജ് 'കുട്ടികളുടെ സ്വകാര്യത യും അന്താരാഷ്ട്ര മാധ്യമങ്ങളും'' എന്ന ആശയാവതരണവും മാധ്യമ പ്രവർത്തകനും 24 ന്യൂസ് മാനേജിംഗ് ഡയറക്ടറുമായ ശ്രീ. ആർ. ശ്രീകണ്ഠൻ നായർ ''കുട്ടികളുടെ സ്വകാര്യതയും മാധ്യമങ്ങളും'' എന്ന വിഷയാ വതരണവും എറണാകുളം പോക്സോ പ്രത്യേക കോടതി ജില്ലാ ജഡ്ജി ശ്രീ. കെ. സോമൻ 'മാധ്യമങ്ങളും കുട്ടികളുടെ സംരക്ഷണവും-പോക്സോ, ബാലനീതി ആക്റ്റുകളുടെ അടിസ്ഥാനത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സും നടത്തുകയുണ്ടായി.

സംസ്ഥാനത്തെ വിവിധ അച്ചടി-ദൃശ്യ-ഓൺലൈൻ മാധ്യമങ്ങളുടെ പ്രതിനിധികളും കമ്മിഷൻ ഉദ്യോഗസ്ഥരും ഉൾപ്പടെ 150 പേർ പങ്കെടുത്ത പരിപാടിയിൽ കുട്ടികളുമായി ബന്ധപ്പെട്ട വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് മാധ്യമപ്രവർത്തകരുമായി നടത്തിയ ചർച്ചയ്ക്കു ശേഷം കമ്മിഷൻ അംഗം ശ്രീമതി എൻ. സുനന്ദ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിക്കുകയുണ്ടായി. സെമി നാറിൽ പങ്കെടുത്ത മാധ്യമപ്രവർത്തകർക്ക് കമ്മിഷൻ അംഗം ശ്രീമതി ജലജമോൾ റ്റി.സി. നന്ദി പറഞ്ഞു.

# വിവാഹമോചന കേസ്- കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും കുടുംബകോടതി സാഹചര്യങ്ങളും- പഠനം

വിവാഹമോചനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കുടുംബ കോടതികളിൽ കേസ് ഫയൽ ചെയ്തിട്ടുള്ളവരുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും കുടുംബ കോടതികളിലെ സാഹചര്യങ്ങൾ സംബന്ധിച്ചും ബാലാവകാശ കമ്മീഷൻ പഠനം നടത്തി. പഠനത്തിന്റെ പൈലറ്റ് സ്റ്റഡി തിരുവനന്തപുരത്തെ നാല് കോടതികളിൽ കേസ് ഫയൽ ചെയ്തവരുടെ കുട്ടികളുമായി ബന്ധപ്പെട്ട് 2023 ഡിസംബർ മാസത്തിൽ നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് ജില്ലകളിലെയും കുടുംബ കോടതികളിൽ ഫയൽ ചെയ്ത കേസുകളുമായി ബന്ധപ്പെട്ട് പഠനം തുടരുവാൻ കമ്മീഷൻ തീരുമാനിക്കുകയും ഫെബ്രുവരി 1 മുതൽ 20 വരെ മറ്റ് 13 ജില്ലകളിലെ 31 കുടുംബ കോടതികൾ സന്ദർശിച്ച് വിവരശേഖരണം നടത്തുകയുണ്ടായി. 35 കുടുംബ കോടതി സാഹചര്യങ്ങൾ വിവര വിശകലനം ചെയ്ത്, കണ്ടെത്തലുകളും ശിപാർശകളും ഉൾക്കൊള്ളിച്ചുള്ള, ഗവേഷണ റിപ്പോർട്ട് തയ്യാറാക്കി.

# III

## 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് (ജെ.ജെ. ആക്റ്റ്)

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 109-ാം വകുപ്പു പ്രകാരം പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് ടി നിയമം പ്രാബല്യത്തിൽ വന്നത്. ഈ നിയമവുമായി ബന്ധപ്പെട്ട മാതൃകാചട്ടങ്ങൾ ദേശീയതലത്തിൽ നിലവിൽ വന്നു. എന്നാൽ, മേൽപ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനതലത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ ജെ.ജെ. സെൽ പ്രവർത്തനം ആരംഭിച്ചത് 2019 ജൂൺ മാസത്തിലാണ് [G.O.(Rt.) No.363/2018/SJD dated 18-06-2018].

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലെ ജുവനൈൽ ജസ്റ്റിസ് സെല്ലിന്റെ 2023-24 വർഷത്തെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### ബാലവേല ബാലവിവാഹ വിമുക്ത കേരളമാക്കുന്നതിന് മുന്നോടിയായി കർത്തവ്യവാഹകരുടെ കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

സംസ്ഥാന ബാലാവകാശ കമ്മീഷൻ ബച്പൻ ബചാവോ ആന്തോളന്റെ സഹകരണത്തോടെ 2023 ജൂൺ 6-ാം തീയതി ബാലവേല-ബാലവിവാഹ നിർമ്മാർജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുമായി കൂടിയാലോചനായോഗം തിരുവനന്തപുരം ഹോട്ടൽ പ്രശാന്തിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. യോഗത്തിൽ ശ്രീ.റെനി ആന്റണി (കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം) പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. ശ്രീ.കെ.വി.മനോജ്കുമാർ (കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ) അധ്യക്ഷനായി. യോഗത്തിന്റെ ഉദ്ഘാടന കർമ്മം ശ്രീമതി. വീണ ജോർജ്ജ് (ബഹു. ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രി) നിർവ്വഹിക്കുകയും, കേരളത്തിൽ ബാലവേല ബാലവിവാഹ നിർമ്മാർജനം ചെയ്യണമെന്നും വകുപ്പുകൾ തമ്മിലുള്ള ഏകോപനം കാര്യക്ഷമമാക്കണമെന്നും അങ്ങനെ കേരളത്തിൽ ഇത്തരം കേസുകൾ ഉണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കണം എന്നും കമ്മീഷൻ ചെയർപേഴ്സൺ പറയുകയുണ്ടായി. കേരളത്തെ ബാലവേല-ബാലവിവാഹമുക്ത സംസ്ഥാനമാക്കുന്നതിന് പ്രത്യേക പരിശോധനകളും, കർമ്മപദ്ധതികളും നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ ജില്ലാതലത്തിൽ നടപ്പിലാക്കണമെന്നും എല്ലാ ജില്ലകളിലും പ്രത്യേക പരിശോധനകൾ നടത്തി ആവശ്യമെങ്കിൽ ഹോട്ട്സ്പോട്ടുകൾ നിർണയിച്ച് അടിയന്തര ഇടപെടലുകൾ നടത്തി കേരളത്തെ ബാലവേല-ബാലവിവാഹ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ കഴിയുമെന്നും അധ്യക്ഷ പ്രസംഗത്തിൽ പറയുകയുണ്ടായി. തുടർന്ന് ശ്രീമതി. ശ്യാമളദേവി പി.പി (കേരള സംസ്ഥാന ബാലാവകാശ

സംരക്ഷണ കമ്മീഷൻ അംഗം) വിഷയാവതരണം നടത്തുകയും, ശ്രീ.പ്രശ്രീൻ കുന്നംപള്ളി ബാലവേല ബാലവിവാഹവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ അവതരിപ്പിക്കുകയും ചെയ്തു. ശ്രീ.സി.വിജയ കുമാർ(കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം) ചർച്ചകളുടെ ക്രോഡീകരണം നടത്തുകയും, ശ്രീമതി.എൻ.സുനന്ദ, ശ്രീമതി.ജലജാമോൾ റ്റി.സി (കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗങ്ങൾ)എന്നിവർ ആശംസകൾ അറിയിക്കുകയും ചെയ്തു. ശ്രീമതി. ബബിത.ബി (കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ അംഗം) പങ്കെടുത്തവർക്ക് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.

## ബാലസൗഹൃദം യാഥാർത്ഥ്യമാക്കുക, ബാലാവകാശ സാക്ഷരത ഉറപ്പു വരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറേയും, എല്ലാ ജില്ലകളിലെയും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാരെയും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്നിവരെയും ഉൾപ്പെടുത്തി ഓൺലൈൻ യോഗം സംഘടിപ്പിച്ചു.

ബാലസൗഹൃദം യാഥാർത്ഥ്യമാക്കുക, ബാലാവകാശ സാക്ഷരത ഉറപ്പു വരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കേരളത്തിലുടനീളം നടത്തിവരുന്ന ബൃഹത്തായ പരിപാടിയാണ് ബാലസൗഹൃദ കേരളം. കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനു നിരവധി പ്രവർത്തനങ്ങളാണ് കമ്മീഷൻ നടത്തി വരുന്നത്. ശിശു സൗഹാർദ അന്തരീക്ഷം എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ, മുൻസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത് തലങ്ങളിൽ സൃഷ്ടിക്കപ്പെടുന്നതിനും കുട്ടികളുമായി ബന്ധപ്പെട്ടുള്ള സേവനങ്ങൾ കാലതാമസം കൂടാതെ കുട്ടികളിലേക്ക് (അവരിലേക്ക്) എത്തിക്കുന്നതിനും ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായാണ് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറേയും, എല്ലാ ജില്ലകളിലെയും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാരെയും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്നിവരെയും ഉൾപ്പെടുത്തി ഓൺലൈൻ യോഗം സംഘടിപ്പിച്ചത്.

## ബാലസൗഹൃദ രക്ഷാകർതൃത്വം സംബന്ധിച്ച് മോഡ്യൂൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയ കൂടിയാലോചനായോഗം

കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ 'ബാലസൗഹൃദ രക്ഷാകർതൃത്വം'എന്ന വിഷയം സംബന്ധിച്ച് കുടുംബശ്രീ മുഖാന്തിരം സംസ്ഥാനത്തെ ഓരോ വീടുകളിലും താഴെ തലത്തിൽ വരെ സുരക്ഷിതവും ജനാധിപത്യപരവുമായ രക്ഷാകർതൃത്വം സജ്ജീകരിക്കുന്ന തിനാവശ്യമായ പാഠ്യപദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രിക് വിഭാഗം പ്രൊഫസർമാരെയും, കുടുംബശ്രീയുടേയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മേധാവികളുമായി കൂടിയാലോചനയോഗം കമ്മീഷന്റെ കാര്യാലയത്തിൽ വെച്ച് സംഘടിപ്പിച്ചു.

## ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികളിലെ കർത്തവ്യവാഹകരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും അവലോകന യോഗം സംഘടിപ്പിച്ചു.

ബാലാവകാശസംരക്ഷണ കമ്മിഷന്റെ 20-09-2023-ലെ 4-ാമത് യോഗ തീരുമാനപ്രകാരം ജില്ലകളിലെ ബാലനീതി നിയമം സംബന്ധിച്ചുള്ളവയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും കർത്തവ്യവാഹകരുടെ അവലോകന യോഗം നടത്തുവാൻ തീരുമാനിക്കുകയും ആയതിന്റെ മുന്നോടിയായി ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ശിശുസംരക്ഷണ സ്ഥാപനങ്ങൾ, എക്സൈസ് വകുപ്പ്, തൊഴിൽ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരിൽ നിന്ന് വിവരശേഖരണം നടത്തുകയും ചെയ്തു.

ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർപേഴ്സൺ ശ്രീ.കെ.വി.മനോജ് കുമാർ, കമ്മിഷൻ അംഗങ്ങളായ ശ്രീമതി. എൻ.സുനന്ദ, ശ്രീമതി.ജലജാമോൾ.റ്റി.സി എന്നിവർ ഈ അവലോകന യോഗങ്ങൾക്ക് നേതൃത്വം നൽകുകയും, അഡീഷണൽ ജില്ലാ കളക്ടർമാർ, ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി/പ്രതിനിധികൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങൾ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിലെ അംഗങ്ങൾ, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ചൈൽഡ് ഹെൽപ് ലൈൻ, ശിശുസംരക്ഷണ സ്ഥാപന സൂപ്രണ്ടുമാർ, വിദ്യാഭ്യാസ വകുപ്പ്, ലേബർ ഓഫീസർമാർ, ട്രൈബൽ ഓഫീസർമാർ, എകസൈസ് വകുപ്പ് മറ്റ് കർത്തവ്യവാഹകർ എന്നിവർ അതാത് ജില്ലകളിൽ അവലോകനയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കർത്തവ്യവാഹകർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യുകയും ആയത് പരിഹരിക്കുന്നതിനാ വശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകുകയും ഉണ്ടായി.

## ശിശുദിനാഘോഷം

കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനു വേണ്ടി നിരവധി പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തി വരുന്നത്. ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാനതലത്തിൽ 2023-2024 വർഷത്തെ ശിശുദിനാഘോഷം അതിവിപുലമായി നടത്തുന്നതിന് ബാലനീതി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട 36 ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിലും, വിമൺ ആന്റ് ചിൽഡ്രൻസ് ഹോമുകളിലും ലഹരി വിരുദ്ധ സന്ദേശം ഉൾപ്പെടുത്തി കുട്ടികളുടെ കലാപരിപാടികളും, ചിത്രരചന മത്സരങ്ങളും ഫ്ളാഷ് മോബ്, ക്വിസ് കോമ്പറ്റീഷൻ, ശിശുദിന റാലികൾ, വിനോദയാത്രകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | സ്ഥാപനത്തിന്റെ പേരും ചുമതലയുള്ള ഉദ്യോഗസ്ഥരും |
|---|---|
| 1 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം പൂജപ്പുര |
| 2 | ഹോം മാനേജർ, ഇന്റർഗ്രേറ്റഡ് കെയർ സെന്റർ, നെട്ടയം, തിരുവനന്തപുരം |
| 3 | ഹോം മാനേജർ, എൻട്രി ഹോം, പൂജപ്പുര |
| 4 | ഹോം മാനേജർ, ആഫ്റ്റർ കെയർ ഹോം, വെഞ്ഞാറമൂട് |
| 5 | ഹൗസ് മദർ, എസ്.ഒ.എസ്. മോഡൽ, വെള്ളനാട്, തിരുവനന്തപുരം |
| 6 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കൊല്ലം |
| 7 | ഹോം മാനേജർ, അസ്സീസി വിമൺ ആന്റ് ചിൽഡ്രൻ ഹോം, കൊട്ടിയം |
| 8 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട |
| 9 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, നൂറനാട്, ആലപ്പുഴ |
| 10 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻ ഹോം, ആലപ്പുഴ. |
| 11 | ശിശു വികാസ് ഭവൻ, ആലപ്പുഴ (സെക്രട്ടറി ശിശുക്ഷേമ സമിതി, ആലപ്പുഴ) |
| 12 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ |
| 13 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കോട്ടയം |
| 14 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കോട്ടയം. |
| 15 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, ഇടുക്കി. |
| 16 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, എറണാകുളം. |
| 17 | മാനേജർ, ഹോളി ക്രോസ് വിമൺ ആന്റ് ചിൽഡ്രൻ ഹോം, എറണാകുളം |
| 18 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ആന്റ് ഒബ്സർവേഷൻ ഹോം, തൃശ്ശൂർ. |
| 19 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻ ഹോം, പ്രത്യാശ ഫോർ ഇന്റഗ്രേറ്റഡ് സോഷ്യൽ ആക്ഷൻ, തൃശ്ശൂർ |
| 20 | അഡ്മിനിസ്ട്രേറ്റർ, മോഡൽ വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, തൃശ്ശൂർ. (കേരള മഹിള സമഖ്യ സൊസൈറ്റി) |
| 21 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പാലക്കാട് |

| | |
|---|---|
| 22 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, പാലക്കാട്. (കേരള മഹിള സമഖ്യ സൊസൈറ്റി) |
| 23 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തവനൂർ. |
| 24 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻ ഹോം, മലപ്പുറം. |
| 25 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കോഴിക്കോട് |
| 26 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻ ഹോം, കോഴിക്കോട്, |
| 27 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോഴിക്കോട് |
| 28 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണിയാമ്പറ്റ |
| 29 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻ ഹോം, വയനാട്. (കേരള മഹിള സമഖ്യ സൊസൈറ്റി) |
| 30 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തലശ്ശേരി |
| 31 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, തലശ്ശേരി |
| 32 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻ ഹോം, കണ്ണൂർ (സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി) |
| 33 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം കാസർഗോഡ്. |
| 34 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻ ഹോം, കാസർഗോഡ്. (കേരള മഹിള സമഖ്യ സൊസൈറ്റി) |
| 35 | ഹോം മാനേജർ, ശിശുവികാസ് ഭവൻ, തിരുവക്കോളി, കോട്ടിക്കുളം, കാസർഗോഡ് |
| 36 | ഹോം മാനേജർ, മഹിളാ ശിക്ഷക് കേന്ദ്രം, പടന്നക്കാട്, കാഞ്ഞങ്ങാട് |

## ബാലാവകാശ വാരാചരണം-2023

2023-ലെ ബാലാവകാശ വാരാചരണത്തിന്റെ ഭാഗമായി ദേശീയ ശിശുദിനമായ നവംബർ 14 മുതൽ 20 വരെയുള്ള തീയതികളിൽ എല്ലാ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സന്ദേശമുൾപ്പെടുത്തി കുട്ടികളുടെ കലാപരിപാടികളും, ബോധവൽകരണ പരിപാടികളും സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി കുട്ടികളുടെ അവകാശ സംരക്ഷണങ്ങൾ പൊതുജനങ്ങളിലേക്കും കുട്ടികളിലേക്കും എത്തിക്കുക, കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്താനായി പൊതുജനങ്ങളെയും കുട്ടികളെയും പ്രാപ്തരാക്കുക എന്നീ ഉദ്ദേശത്തോടെയാണ് ബാലാവകാശ വാരാചരണം സംഘടിപ്പിച്ചത്.

## ധർമ്മടം നിയോജക മണ്ഡലം ബാലസൗഹൃദമായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.

ധർമ്മടം നിയോജക മണ്ഡലം ബാലസൗഹൃദമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി 2023 ഒക്ടോബർ 25, 26 തീയതികളിൽ (പിണറായി, ധർമ്മടം, വേങ്ങാട്, പെരളശ്ശേരി, മുഴുപ്പിലങ്ങാട്, കടമ്പൂർ, ചേമ്പിലോട്, അഞ്ചരക്കണ്ടി) എന്നീ ഗ്രാമ പഞ്ചായത്തുകളിലെ കുടുംബശ്രീ അംഗങ്ങൾക്കായി 'ജനാധിപത്യരക്ഷാകർതൃത്വം, ജീവിതനൈപുണ്യവിദ്യാഭ്യാസം, 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കാലത്തെ വെല്ലുവിളികളും സാധ്യതകളും' എന്നീ വിഷയങ്ങളെക്കുറിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്യാട്രിക്ക് വിഭാഗം പ്രൊഫസർ ഡോ. അരുൺ. ബി. നായർ, 'സൈബർ സുരക്ഷയും സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗവും, കുട്ടികളിലെ പെരുമാറ്റവ്യതിയാനവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾ മനസിലാക്കേണ്ട കാര്യങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച്' തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്യാട്രിക്ക് വിഭാഗം അസി. പ്രൊഫസർ ഡോ. മോഹൻ റോയ് എന്നിവർ പരിശീലന ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

പ്രസ്തുത പരിപാടിയുടെ ഉത്ഘാടന കർമ്മം ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർ പേഴ്സൺ ശ്രീ.കെ.വി.മനോജ്കുമാർ നടത്തുകയും ഉദ്ഘാടന പ്രസംഗത്തിൽ ഉത്തരവാദിത്വ പൂർണ്ണ മായ രക്ഷാകർതൃത്വത്തിന് മാതൃക കാണിച്ച് കൊടുത്ത സംസ്ഥാനമാണ് കേരളമെന്നും, കുടുംബ ശ്രീ മുഖേന നൽകുന്ന ക്ലാസ്സുകളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടിൽ ബാലാവകാശങ്ങളെ കുറിച്ച് കൃത്യമായ അവബോധം സൃഷ്ടിച്ച് പഞ്ചായത്തുകളിൽ ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക യെന്നതാണ് ഈ പരിശീലന പരിപാടിയുടെ ഉദ്ദേശ ലക്ഷ്യം എന്നും അദ്ദേഹം പറഞ്ഞു. ഓരോ കുട്ടിക്കും ആരോഗ്യത്തോടെ വളരാനും വ്യക്തിത്വവികാസം പ്രാപിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും കഴിയുന്നത് പ്രധാനമായും മാതാപിതാക്കൾക്കാണെന്ന് പരിശീലന പരിപാടിയിൽ ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു. ഒരുദിവസം 4 പഞ്ചായത്ത് എന്ന ക്രമത്തിൽ 2 ദിവസംകൊണ്ട് 8 പഞ്ചായത്തുക ളിലും പരിശീലനം പൂർത്തിയാക്കുകയും 1500 ഓളം കുടുംബശ്രീ അംഗങ്ങൾ പരിശീലന പരിപാടി യിൽ പങ്കെടുക്കുകയും ചെയ്തു.

## ബാലസൗഹൃദ രക്ഷകർതൃത്വം സംബന്ധിച്ച് കുടുംബശ്രീയുടെ തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരെ ഉൾപ്പെടുത്തി ദ്വിദിനപരിശീലന പരിപാടി സംഘടിപ്പിച്ചു.

ഒരുകോടിയിലധികം വരുന്ന കേരളത്തിലെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതോടൊപ്പം കുടുംബാന്തരീക്ഷങ്ങൾ ബാലസൗഹൃദ ഇടങ്ങളാക്കുന്നതിനും കുടുംബശ്രീയുടെ സഹകരണത്തോടു കൂടി സമൂഹത്തിന്റെ പ്രാഥമിക ഘടനയായ കുടുംബങ്ങളിലേക്ക് ബാലസൗഹൃദ സന്ദേശം എത്തിക്കു കയുമാണ് പരിപാടിയുടെ പ്രാഥമിക ഉദ്ദേശം. ഇവ സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന ബാലാ വകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ 2024 ജനുവരി 18, 19 തീയതികളിൽ തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി, വെള്ളയമ്പലത്ത് വെച്ച് എല്ലാ ജില്ലകളിലെയും കുടുംബശ്രീയുടെ തെരഞ്ഞെടുക്കപ്പെട്ട പത്ത് റിസോഴ്സ് പേഴ്സൺമാരെ ഉൾപ്പെടുത്തികൊണ്ടാണ് ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചത്.

'സുരക്ഷിത ബാല്യം സുന്ദര ഭവനം' എന്ന ബൃഹത്ത്പദ്ധതിയുടെ ഉദ്ഘാടന കർമ്മം ബഹു. നിയമ, വ്യവസായ വകുപ്പ് മന്ത്രി ശ്രീ.പി.രാജീവ് നിർവ്വഹിച്ചു. 'സുരക്ഷിത ബാല്യം സുന്ദര ഭവനം'

എന്നത് വളരെ പ്രസക്തമായ ആശയമാണെന്നും കുടുംബങ്ങൾ ബാലസൗഹൃദമാക്കുന്നതിനും അവിടെ കുട്ടികൾക്ക് അഭിമാനത്തോടെ ജീവിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതിനും മാതാപിതാക്കൾക്ക് കഴിയണമെന്നും ബഹു.മന്ത്രി ഓർമിപ്പിച്ചു. കുട്ടികൾക്ക് പരാതികളില്ലാത്ത കാലത്തിനായുള്ള പ്രവർത്തനങ്ങളാണ് ബാലാവകാശ കമ്മിഷൻ നടത്തേണ്ടതെന്നും ഒരു കോടിയോളം വരുന്ന കുട്ടികളുള്ള കേരളത്തിൽ ശിശു സൗഹൃദ പദ്ധതികൾക്ക് ഏറെ പ്രസക്തിയുണ്ടെന്നും അദ്ദേഹം അറിയിച്ചു. ഒരു രാജ്യം എത്ര മാത്രം പുരോഗമനപരമെന്ന് വിലയിരുത്തുന്നത് കുട്ടികളോടുള്ള സമീപനത്തിന്റെ അടിസ്ഥാനത്തിലാണെന്നും, കുടുംബശ്രീയെപ്പോലെ കരുത്തുറ്റ പ്രസ്ഥാനം ബാലസൗഹൃദ രക്ഷകർതൃത്വത്തിന്റെ സന്ദേശം സമൂഹത്തിലേക്കെത്തിക്കാൻ തയ്യാറായത് സ്വാഗതാർഹമാണെന്നും, ശിശുസൗഹൃദ മനോഭാവവും നിയമ അവബോധവും ജനങ്ങളിലെത്തിക്കാൻ പരിശീലന പരിപാടിയിലൂടെ സാധിക്കട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

ശ്രീ.കെ.വി.മനോജ്കുമാർ ദ്വിദിന പരിശീലന പരിപാടിയുടെ അധ്യക്ഷ പദവി അലങ്കരിച്ചു. അധ്യക്ഷ പ്രസംഗത്തിൽ കുട്ടികളോടുള്ള കടമകൾ നിർവ്വഹിക്കാതെ വരുമ്പോൾ ആണ് കുട്ടികൾ സമൂഹത്തിൽ വലിയ തെറ്റിലേയ്ക്ക് എത്തപ്പെടുന്നത് എന്നും ഇത്തരം സാഹചര്യങ്ങൾ പൂർണ്ണമായി തുടച്ചു നീക്കേണ്ടത് അനിവാര്യമാണെന്നും പറഞ്ഞു. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരോടുള്ള കടമകൾ നിർവ്വഹിക്കുന്നതിനും സമൂഹത്തെ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് 14 ജില്ലകളിലും ബാലസൗഹൃദ രക്ഷകർതൃത്വം 'സുരക്ഷിത ബാല്യം സുന്ദര ഭവനം' എന്ന ആശയത്തിലൂടെ ആഗ്രഹിക്കുന്നത്. ദ്വിദിന പരിശീലന പരിപാടിയിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീമതി. എൻ.സുനന്ദ പരിപാടിക്ക് സ്വാഗതം ആശംസിക്കുകയും, പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ അംഗം ശ്രീമതി. ജലജമോൾ. റ്റി.സി കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. തുടർന്ന് ഉത്തരവാദിത്വ പൂർണ്ണമായ രക്ഷാകർതൃത്വം, കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ, കുട്ടികൾ നേരിടുന്ന മാനസികാരോഗ്യ വെല്ലുവിളികൾ, ആർട്ടിഫിഷൽ ഇന്റലിജൻസ് കാലത്തെ വെല്ലുവിളികൾ എന്നീ വിഷയങ്ങളിൽ പരിശീലന ക്ലാസുകൾ നടത്തി.

## ലഹരി ഉപയോഗവും വ്യാപനവും കുട്ടികളുടെ പുനരധിവാസവും സംബന്ധിച്ച് സംസ്ഥാനതല കർത്തവ്യവാഹകരുടെ ഏകദിന ശിൽപശാല

കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സംസ്ഥാന വ്യാപകമായി വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. കോവിഡാനന്തരം കുട്ടികളിൽ മയക്കുമരുന്നിന്റെയും ലഹരിയുടെയും ഉപയോഗം വർദ്ധിച്ചതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അതുപോലെ മൊബൈൽ ഫോൺ, ഇന്റർനെറ്റ്, വീഡിയോ ഗെയിമുകൾ മുതലായവയോടുള്ള അമിതതാല്പര്യവും കുട്ടികളിൽ മാനസികവും ശാരീരികവുമായ വലിയ വെല്ലുവിളികൾ ഉയർത്തിയിട്ടുണ്ട്. കുട്ടികളിൽ വളർന്നുവരുന്ന മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവൽക്കരണവും ഇടപെടലുകളും നടത്തേണ്ടതും ഇത്തരം സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികളെ കണ്ടെത്തി മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതും സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്.

കുട്ടികളിലെ മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും, ലഹരിയുടെയും ഉപയോഗം, ലഹരിക്കടിമപ്പെട്ടു പോകുന്ന കുട്ടികളുടെ പുനരധിവാസം എന്നിവ സംബന്ധിച്ച് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും ഡോൺ ബോസ്കോ ബ്രെഡ്സ് ഡ്രീം പദ്ധതിയും സംയുക്തമായി വിവിധ സർക്കാർ വകുപ്പുകളിലെയും സന്നദ്ധസംഘടനകളിലെയും പ്രതിനിധികളെയും ഉൾപ്പെടുത്തി 2024 ഫെബ്രുവരി 29-ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം അപ്പോളോ ഡിമോറ ഹോട്ടലിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു.

ശിൽപശാലയുടെ ഉദ്ഘാടന കർമ്മം ബഹു. സംസ്ഥാന ചീഫ് സെക്രട്ടറി, ഡോ. വേണു, ഐ.എ.എസ് നിർവ്വഹിക്കുകയും ഉത്ഘാടന പ്രഭാഷണത്തിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ പൊതുസമൂഹത്തിൽ എല്ലാവരുടെയും ഉത്തരവാദിത്തമാണെന്നും അതിനായി ഏകോപിത പ്രവർത്തനങ്ങൾ ആവശ്യമാണെന്നും സമയബന്ധിതമായി പൂർത്തീകരിക്കേണ്ട അതിസങ്കീർണമായ വിഷയമാണിതെന്നും അദ്ദേഹം പറയുകയും ചെയ്തു. കേരളസംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ.കെ. വി. മനോജ്കുമാർ ഏകദിന ശിൽപ്പശാലയുടെ അധ്യക്ഷപദവി നിർവ്വഹിക്കുകയും ഇന്ത്യയിലുള്ള കണക്കുകൾ എടുത്താൽ കൗമാരക്കാർക്കിടയിൽ 2.7 ശതമാനം കുട്ടികൾ ലഹരി ഉപയോഗിക്കുന്നതായി കാണപ്പെടുന്നു എന്നും കേരളത്തിൽ കോവിഡിന് ശേഷം വളരെ വ്യാപകമായി ലഹരിയുടെ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങൾ വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമാണെന്നും, നമ്മുടെ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചാണ് ലഹരി മാഫിയകൾ പ്രവർത്തിക്കുന്നത് എന്ന യാഥാർത്ഥ്യം കണ്ടില്ല എന്ന് നടിക്കാൻ സാധിക്കില്ല എന്നും ഇത്തരം മാഫിയകളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും നമ്മുടെ കുട്ടികളെ ലഹരി ഉപയോഗത്തിൽ നിന്നും മോചിപ്പിക്കുന്നതിനും കൃത്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

'കുട്ടികളുടെ ഇടയിലുള്ള ലഹരിയുടെ ഉപയോഗവും വ്യാപനവും കുട്ടികളുടെ പുനരധിവാസവും' സംബന്ധിച്ച ഏകദിന ശിൽപശാലയുടെ ആമുഖ പ്രഭാഷണം റവ. ഫാ.ഫിലിപ്പ് പരക്കാട്ട് നടത്തുകയും കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ അംഗം എൻ. സുനന്ദ ശിൽപശാലയ്ക്ക് സ്വാഗതം ആശംസിക്കുകയും ചെയ്തു. തുടർന്ന് ബാലനീതി ആക്ട് പ്രകാരം കുട്ടികളുടെ പുനരധിവാസം എന്ന വിഷയം സംബന്ധിച്ച് ശിൽപശാലയിൽ മുഖ്യപ്രഭാഷണം ശ്രീമതി ഷർമ്മിള മേരി ജോസഫ്, ഐ.എ.എസ് (വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറി) നടത്തുകയുണ്ടായി. ശ്രീ. എസ്. ഷാനവാസ്, ഐ.എ.എസ്. (ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ) ശിൽപ്പശാലയുടെ മുഖ്യാതിഥിയായിരുന്നു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീമതി ജലജാമോൾ റ്റി. സി. ശില്പശാലയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അർപ്പിക്കുകയും ശില്പശാലയിൽ വിവിധ വകുപ്പുകളിൽ നിന്നുള്ള കർത്തവ്യവാഹകർ പങ്കുവെച്ച നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. തുടർന്ന് ശിൽപശാലയിൽ പങ്കെടുത്ത ഏവർക്കും കമ്മീഷൻ രജിസ്ട്രാർ ശ്രീമതി മിനി ഭാസ്കർ നന്ദി അറിയിക്കുകയും ചെയ്തു.

## ശൈശവവിവാഹ നിരോധന നിയമം-(2006) സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരെ ഉൾപ്പെടുത്തി കൂടിയാലോചന യോഗം സംഘടിപ്പിച്ചു.

ശൈശവവിവാഹം മനുഷ്യാവകാശ ലംഘനമാണ്. ശാരീരികവും മാനസികവും ബൗദ്ധികവും ആയ പക്വത എത്താത്തതിനാൽ തന്നെയും ശൈശവ വിവാഹം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വ്യക്തിപരവും സാമൂഹികവും ആയ പ്രശ്നങ്ങളിലേയ്ക്ക് വഴിതെളിയിക്കും. ആരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യ തുടങ്ങിയ ഒട്ടനവധി സാമൂഹിക വിപത്തുകളിലേക്ക് ശൈശവവിവാഹം നയിക്കും. ആയതിനാൽ പെൺകുട്ടികളുടെ ജീവിതത്തെയും ആരോഗ്യത്തെയും സാരമായി ബാധിക്കുകയും അവരുടെ ഭാവി സാധ്യതകളെ ശൈശവ വിവാഹം കൊണ്ട് പരിമിതപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം സാഹചര്യത്തിൽ ശൈശവ വിവാഹം സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ശൈശവ വിവാഹം തടയുന്നതിനാവശ്യമായ ജില്ലാതല പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കർത്തവ്യവാഹകരെ പ്രാപ്തരാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ എല്ലാ ജില്ലകളിലെയും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരെയും എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരെയും, ശൈശവ വിവാഹനിരോധന ഓഫീസർമാരെയും ഉൾപ്പെടുത്തി കമ്മീഷന്റെ ആഭിമുഖ്യത്തിൽ കൂടിയാലോചന യോഗം സംഘടിപ്പിച്ചു.

## കേരളത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി കർത്തവ്യവാഹകരെ ഉൾപ്പെടുത്തി അവലോകന യോഗം സംഘടിപ്പിച്ചു.

ആഗോളതലത്തിൽ 160 ദശലക്ഷം കുട്ടികളും (ഐ.എൽ.ഒ.) ദേശീയതലത്തിൽ 10.2 ദശലക്ഷം കുട്ടികളും ബാലവേലയിൽ ഉൾപ്പെടുന്നതായി മനസ്സിലാക്കുന്നു. ആയതിൽ 79 ദശലക്ഷം കുട്ടികൾ അപകടകരമായ സാഹചര്യത്തിൽ ജോലിചെയ്യുന്നതായും അഞ്ചു മുതൽ പതിനൊന്ന് വയസ്സുവരെ 10.9% ആൺകുട്ടികളും 8.4% പെൺകുട്ടികളും പന്ത്രണ്ട് വയസ്സു മുതൽ പതിനാല് വയസ്സുവരെ 11% ആൺകുട്ടികളും 7.5% പെൺകുട്ടികളും ബാലവേലയിൽ ഉൾപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇതിൽ എല്ലാ പ്രായത്തിലും പെൺകുട്ടികളെക്കാൾ ആൺകുട്ടികളാണ് ബാലവേലയിൽ കൂടുതലായി കാണപ്പെടുന്നത്. ബാലവേല കൂടുതലായി കാർഷിക മേഖലയിൽ ആണെന്നും ബാലവേല ചെയ്യുന്ന കുട്ടികളിൽ മൂന്നിലൊന്ന് ഭാഗവും വിദ്യാഭ്യാസം ഉപേക്ഷിക്കപ്പെട്ടവരാണെന്നും ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ റിപ്പോർട്ട് ചെയ്യുന്നു. 2015-ൽയു.എൻ ജനറൽ അസ്സംബ്ലി ഉച്ചകോടിയിൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ(ടൗമേശിമയഹല ഉല്ലഹീുാലിേ ഏീമഹ) അംഗീകരിച്ചു. ഈ സുസ്ഥിരവികസന ലക്ഷ്യങ്ങൾ ഇന്ത്യ അംഗീകരിക്കുകയും ആയതിൽ ബാലവേല, നിർബന്ധിത തൊഴിൽ, മനുഷ്യകടത്ത് തുടങ്ങിയവ 2025-ഓടെ നിർമ്മാർജനം ചെയ്യാൻ പ്രതിജ്ഞാബന്ധിതമാകുകയും ചെയ്തിരുന്നു.


കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചതു മുതൽ ബാലവേല നിർമ്മാർജനം ചെയ്യുന്നതിന് നിരവധി യോഗങ്ങൾ കർത്തവ്യവാഹകരുമായി സംഘടിപ്പിച്ചിരുന്നു. കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് കൂടുകയും ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി പരിശോധനകളും ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

കുട്ടികൾ വളരെ ചെറുപ്രായത്തിൽ തന്നെ തൊഴിലിൽ ഏർപ്പെടേണ്ടി വരുന്ന സാഹചര്യം ഉള്ള തിനാൽ കുട്ടികൾക്ക് അനുയോജ്യമായ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുക എന്നത് നമ്മുടെ ഓരോത്തരുടേയും കടമയും കർത്തവ്യവുമാണ്. ഭരണഘടനയിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി അനുശാസിക്കുന്ന പ്രധാന അനുച്ഛേദങ്ങളിൽ ഒന്നായ 23 പ്രതിപാദിക്കുന്നത് ബാലവേലയിൽ നിന്നും ബാലഭിക്ഷാടനത്തിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി നമ്മുടെ പാർലമെന്റ് 1986-ൽ പാസാക്കിയ നിയമമാണ് ബാലവേല നിരോധന ആക്റ്റ്, 1986, എന്നാൽ കുട്ടികൾക്ക് എതിരെ ബാലവേല കൂടി വരുന്ന സാഹചര്യത്തിലും കുട്ടികളുടെ പ്രായം കണക്കിലാക്കുന്നതിൽ വന്ന തർക്കങ്ങളിലും 29 ജൂലൈ 2016-ൽ നിലവിലെ നിയമത്തിൽ പുതിയ ഭേദഗതി വരുത്തി ബാലകൗമാരവേല നിരോധനവും നിയന്ത്രണങ്ങളുമായി മാറിയിട്ടുള്ളതാണ്.

ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരിശോധനകൾ ഊർജ്ജിതമാക്കുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ റിജിയണൽ ലേബർ കമ്മീഷണർമാരെയും വനിതാ ശിശുവികസന വകുപ്പിന്റെ മിഷൻ വാത്സല്യ ജീവനക്കാരെയും, എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരെയും എല്ലാ ജില്ലാ ലേബർ ഓഫീസർമാരെയും പങ്കെടുപ്പിച്ചാണ് അവലോകനയോഗം സംഘടിപ്പിച്ചത്.


## ചൈൽഡ് വെൽഫെയർ കമ്മിറ്റി

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ വിവിധ ജില്ലകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ പ്രകാരം 2023 - ൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ 13956 കേസുക ളാണ് ചൈൽഡ് വെൽഫെയർ കമ്മറ്റിക്ക് മുമ്പാകെ റിപ്പോർട്ട് ചെയ്തത്. ആയതിന്റെ ജില്ലാടിസ്ഥാന ത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.




മേൽ സൂചിപ്പിച്ചത് പ്രകാരം 1497 കേസുകൾ തിരുവനന്തപുരം ജില്ലയിലും, 2031 കേസുകൾ കൊല്ലം ജില്ലയിലും, 556 കേസുകൾ പത്തനംതിട്ട ജില്ലയിലും, 796 കേസുകൾ ആലപ്പുഴ ജില്ലയിലും, കോട്ടയം ജില്ലയിൽ 991 കേസുകളും 1051 കേസുകൾ ഇടുക്കി ജില്ലയിലും, 1091 കേസുകൾ എറണാകുളം ജില്ലയിലും, 1404 കേസുകൾ തൃശൂർ ജില്ലയിലും, 839 കേസുകൾ പാലക്കാട് ജില്ലയിലും, 1173 കേസുകൾ കോഴിക്കോട് ജില്ലയിലും, 533 കേസുകൾ വയനാട് ജില്ലയിലും, 1001 കേസുകൾ മലപ്പുറം ജില്ലയിലും, 558 കേസുകൾ കണ്ണൂർ ജില്ലയിലും, 435 കേസുകൾ കാസർഗോഡ് ജില്ലയിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2023-ൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ കേരളത്തിൽ റിപ്പോർട്ട് ചെയ്ത 13956 കേസുകളിൽ 12226 കേസുകളാണ് തീർപ്പാക്കിയതായി റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നത്. ആയവയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.




മേൽ സൂചിപ്പിച്ചത് പ്രകാരം 1319 കേസുകൾ തിരുവനന്തപുരം ജില്ലയിലും, 2030 കേസുകൾ കൊല്ലം ജില്ലയിലും, 47 കേസുകൾ പത്തനംതിട്ട ജില്ലയിലും, 745 കേസുകൾ ആലപ്പുഴ ജില്ലയിലും, കോട്ടയം ജില്ലയിൽ 897 കേസുകൾ, 875 കേസുകൾ ഇടുക്കി ജില്ലയിലും, 968 കേസുകൾ എറണാകുളം ജില്ലയിലും, 816 കേസുകൾ തൃശൂർ ജില്ലയിലും, 785 കേസുകൾ പാലക്കാട് ജില്ലയിലും, 1037 കേസുകൾ കോഴിക്കോട് ജില്ലയിലും, 594 കേസുകൾ വയനാട് ജില്ലയിലും, 880 കേസുകൾ മലപ്പുറം ജില്ലയിലും, 871 കേസുകൾ കണ്ണൂർ ജില്ലയിലും, 362 കേസുകൾ കാസർഗോഡ് ജില്ലയിലും തീർപ്പാക്കിയിട്ടുണ്ട്.

ബാലനീതി ആക്റ്റ് പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പാകെ റിപ്പോർട്ട് ചെയ്യുന്ന വിഷയങ്ങളിൽ സാമൂഹിക പശ്ചാത്തല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കുട്ടിയുടെ പുനരേകീകരണമോ പുനരധിവാസമോ നടപ്പിലാക്കേണ്ടത്. എന്നാൽ ജില്ലകളിൽ നിന്ന് ലഭിച്ച വിവരപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളുടെ സാമൂഹിക പശ്ചാത്തല റിപ്പോർട്ട് അടിസ്ഥാനമാക്കാതെത്തന്നെ കുട്ടികളെ പുനരേകീകരണമോ പുനരധിവാസമോ നടപ്പിലാക്കുന്നതായിട്ടാണ് റിപ്പോർട്ടിൽ നിന്ന് മനസിലാകുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.





മേൽ സൂചിപ്പിച്ചത് പ്രകാരം 1497 കേസുകൾ തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 392 എണ്ണത്തിനും, 2031 കേസുകൾ കൊല്ലം ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 2 എണ്ണത്തിനും, 556 കേസുകൾ പത്തനംതിട്ട ജില്ലയിൽ റിപ്പോർട്ട് ചെയ്ത കേസുകളിൽ 17 എണ്ണത്തിനും, 796 കേസുകൾ ആലപ്പുഴ ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 163 എണ്ണത്തിനും, കോട്ടയം ജില്ലയിൽ 991 കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 133 എണ്ണത്തിനും, 1051 കേസുകൾ ഇടുക്കി ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 101 എണ്ണത്തിനും, 1091 കേസുകൾ എറണാകുളം ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 475 എണ്ണത്തിനും, 1404 കേസുകൾ തൃശൂർ ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 285 എണ്ണത്തിനും, 839 കേസുകൾ പാലക്കാട് ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 97 എണ്ണത്തിനും, 1173 കേസുകൾ കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് ചെയ്ത കേസുകളിൽ ഒന്നിൽ പോലും എസ്.ഐ.ആർ. ലഭിച്ചതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. 533 കേസുകൾ വയനാട് ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 96 എണ്ണത്തിനും, 1001 കേസുകൾ മലപ്പുറം ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 450 എണ്ണത്തിനും, 558 കേസുകൾ കണ്ണൂർ ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 65 എണ്ണത്തിനും, 435 കേസുകൾ കാസർഗോഡ് ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 2 എണ്ണത്തിനും സാമൂഹിക പശ്ചാത്തല റിപ്പോർട്ട് ലഭിച്ചതായി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു.

കുട്ടികളുടെ ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് സാമൂഹിക പശ്ചാത്തല റിപ്പോർട്ട് അടിസ്ഥാനമാക്കി മാത്രമേ കുട്ടികളുടെ പുനരേകീകരണമോ പുനരധിവാസമോ നടപ്പാക്കാവൂ എന്ന് 2015 – ലെ ബാലനീതി ആക്റ്റിലെ 37–ാം വകുപ്പ് നിഷ്ക്കർഷിച്ചിരിക്കുന്നു.

ബാലനീതി ആക്റ്റ് പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ തീർപ്പാക്കുന്ന കേസുകളിൽ കൃത്യമായ ഇടവേളകളിൽ കുട്ടികളുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി അവലോകനം ചെയ്യേണ്ടതും കുട്ടിയുടെ ഉന്നമനം ശരിയായ രീതിയിൽ തന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ 2023 – ൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം തീർപ്പാക്കുന്ന കേസുകളിൽ അപൂർവ്വമായി മാത്രമേ സാമൂഹിക പശ്ചാത്തല റിപ്പോർട്ട് അവലോകനം ചെയ്തതായി മനസ്സിലാക്കുന്നത്.


## ജുവനൈൽ ജസ്റ്റിസ് ബോർഡ് റിപ്പോർട്ട്

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ വിവിധ ജില്ലകളിലെ ജുവനൈൽ ജസ്റ്റിസ് ബോർഡിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ പ്രകാരം 2023 – ൽ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ മുഖേന ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ 1710 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.





ഗ്രാഫ് (1) ൽ സൂചിപ്പിച്ചത് പ്രകാരം 2023–ൽ തിരുവനന്തപുരം ജില്ലയിൽ 164 കേസുകളും, കൊല്ലം ജില്ലയിൽ 145 കേസുകളും, പത്തനംതിട്ട ജില്ലയിൽ 18 കേസുകളും, ആലപ്പുഴ ജില്ലയിൽ 109 കേസുകളും കോട്ടയം ജില്ലയിൽ 106 കേസുകളും, ഇടുക്കി ജില്ലയിൽ 121 കേസുകളും, എറണാകുളം ജില്ലയിൽ 156 കേസുകളും, തൃശൂർ ജില്ലയിൽ 208 കേസുകളും, പാലക്കാട് ജില്ലയിൽ 78 കേസുകളും, കോഴിക്കോട് ജില്ലയിൽ 193 കേസുകളും, മലപ്പുറം ജില്ലയിൽ 217 കേസുകളും വയനാട് ജില്ലയിൽ 32 കേസുകളും കണ്ണൂർ ജില്ലയിൽ 96 കേസുകളും, കാസർഗോഡ് ജില്ലയിൽ 67 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2023 – ൽ സംസ്ഥാനത്ത് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ 1486 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. ആയതിൽ തിരുവനന്തപുരം ജില്ലയിൽ 138 കേസുകളും, കൊല്ലം ജില്ലയിൽ 134 കേസുകളും, പത്തനംതിട്ട ജില്ലയിൽ 18 കേസുകളും, ആലപ്പുഴ ജില്ലയിൽ 58 കേസുകളും, കോട്ടയം ജില്ലയിൽ 99 കേസുകളും, ഇടുക്കി ജില്ലയിൽ 121 കേസുകളും, എറണാകുളം ജില്ലയിൽ 118 കേസുകളും, തൃശ്ശൂർ ജില്ലയിൽ 123 കേസുകളും, പാലക്കാട് ജില്ലയിൽ 41 കേസുകളും, കോഴിക്കോട് ജില്ലയിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 257 കേസുകളും, വയനാട് ജില്ലയിൽ 20 കേസുകളും, മലപ്പുറം ജില്ലയിൽ 119 കേസുകളും, കണ്ണൂർ ജില്ലയിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 163 കേസുകളും, കാസർഗോഡ് ജില്ലയിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 77 കേസുകളും തീർപ്പാക്കിയിരുന്നു. തീർപ്പാക്കിയ കേസുകളുടെ ഗ്രാഫ് ചുവടെ ചേർക്കുന്നു.




2023 – ൽ വിവിധ ജില്ലകളിലെ ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ രജിസ്റ്റർ ചെയ്ത നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മുൻവർഷത്തെ കേസുകൾ ഉൾപ്പെടെ 1560 കേസുകൾ തീർപ്പാക്കിയതിൽ പ്ലേയിസ് ഓഫ് സേഫ്റ്റിയിലേക്ക് അയച്ച 18 കുട്ടികളും സ്പെഷ്യൽ ഹോമിലേയ്ക്ക് അയച്ച 2 കുട്ടികളും, കുറ്റം ചെയ്തിട്ടില്ലെന്ന് കണ്ടെത്തിയ 324 കേസുകളും, നിഷ്ഠൂരമായ കുറ്റകൃത്യങ്ങളായി പ്രാഥമിക വിലയിരുത്തൽ നടത്തി കുട്ടികളുടെ കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്ത 26 കേസുകളും, കൗൺസിലിംഗ് നൽകിയതിനുശേഷം വീട്ടിലേക്ക് പോകാൻ അനുവദിച്ചു കൊണ്ട് ഉത്തരവ് നൽകിയ 125 കേസുകളും, ഗ്രൂപ്പ് കൗൺസിലിംഗിനോ അനുബന്ധ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ ഉത്തരവ് നൽകിയ 13 കേസുകളും, കമ്മ്യൂണിറ്റി സർവ്വീസിനായി അയച്ച 172 കേസുകളും, കുട്ടിയുടെ മാതാപിതാക്കളോ/രക്ഷകർത്താവോ/ കുട്ടിയോ പിഴ അടയ്ക്കാൻ ഉത്തരവ് നൽകിയ 475 കേസുകളും, നല്ല പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ കുട്ടിയെ ഫിറ്റ് പേഴ്സൺ/രക്ഷിതാക്കൾ/മാതാപിതാക്കളുടെ സംരക്ഷണത്തിൽ വിട്ടയയ്ക്കാൻ ഉത്തരവ് നൽകിയ 353 കേസുകളും,

മറ്റ് സാഹചര്യത്തിൽ കേസ് തീർപ്പ് കൽപ്പിച്ചത് 8 എണ്ണവും ക്രിമിനൽ നടപടി നിയമ സംഹിത സെക്ഷൻ 320 (8) പ്രകാരം തീർപ്പാക്കിയ 35 കേസുകളും ഹൈക്കോടതി Quash ചെയ്ത 9 കേസുകളുമാണ് എന്ന് റിപ്പോർട്ട് ക്രോഡീകരിച്ചതിൽ നിന്ന് മനസ്സിലാക്കുന്നു. തീർപ്പാക്കിയ കേസുകളുടെ വിശദാംശങ്ങളുടെ ഗ്രാഫ് ചുവടെ ചേർക്കുന്നു.




2023 – ൽ സംസ്ഥാനത്തെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കേസുകളിൽ 4 മാസത്തിനുള്ളിൽ വിചാരണ പൂർത്തീകരിച്ച് തീർപ്പാക്കിയ 422 കേസുകളിൽ തിരുവനന്തപുരം, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ ഒരു കേസുപോലും തീർപ്പ് കൽപ്പിച്ചിട്ടില്ലാ എന്ന് കാണുന്നു. എന്നാൽ കൊല്ലം ജില്ലയിൽ 50 കേസുകളും, പത്തനംതിട്ട ജില്ലയിൽ 4 കേസുകളും, ആലപ്പുഴ ജില്ലയിൽ 9 കേസുകളും, കോട്ടയം ജില്ലയിൽ 39 കേസുകളും, ഇടുക്കി ജില്ലയിൽ 34 കേസുകളും, തൃശൂർ ജില്ലയിൽ 60 കേസുകളും, പാലക്കാട് ജില്ലയിൽ 16 കേസുകളും, കോഴിക്കോട് ജില്ലയിൽ 96 കേസുകളും, മലപ്പുറം ജില്ലയിൽ 42 കേസുകളും, കണ്ണൂർ ജില്ലയിൽ 49 കേസുകളും, കാസർഗോഡ് ജില്ലയിൽ 23 കേസുകളും നാല് മാസത്തിനുള്ളിൽ തീർപ്പാക്കിയിതായി റിപ്പോർട്ടുകളിൽ നിന്നും മനസിലാക്കുന്നു.


കൂടാതെ 6 മാസത്തിനുള്ളിൽ വിചാരണ പൂർത്തിയാക്കി തീർപ്പാക്കിയ 287 കേസുകളിൽ തിരുവനന്തപുരം, വയനാട് എന്നീ ജില്ലകളിൽ ഒരു കേസുപോലും തീർപ്പുകൽപ്പിച്ചിട്ടില്ല. കൂടാതെ കൊല്ലം ജില്ലയിൽ 44 കേസുകളും, പത്തനംതിട്ട ജില്ലയിൽ 9 കേസുകളും, ആലപ്പുഴ ജില്ലയിൽ 6 കേസുകളും, കോട്ടയം ജില്ലയിൽ 26 കേസുകളും, ഇടുക്കി ജില്ലയിൽ 11 കേസുകളും, എറണാകുളം ജില്ലയിൽ 83 കേസുകളും തൃശൂർ ജില്ലയിൽ 5 കേസുകളും, പാലക്കാട് ജില്ലയിൽ 11 കേസുകളും കോഴിക്കോട്

ജില്ലയിൽ 18 കേസുകളും, മലപ്പുറം ജില്ലയിൽ 26 കേസുകളും, കണ്ണൂർ ജില്ലയിൽ 35 കേസുകളും, കാസർഗോഡ് ജില്ലയിൽ 13 കേസുകളും തീർപ്പാക്കിയതായി റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നു.

കൂടാതെ 6 മാസത്തിനുമുകളിൽ വിചാരണ പൂർത്തിയാക്കി തീർപ്പാക്കിയ 777 കേസുകളിൽ ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ 138 കേസുകളും, കൊല്ലം ജില്ലയിൽ 40 കേസുകളും, പത്തനംതിട്ട ജില്ലയിൽ 5 കേസുകളും, ആലപ്പുഴ ജില്ലയിൽ 43 കേസുകളും, കോട്ടയം ജില്ലയിൽ 34 കേസുകളും, ഇടുക്കി ജില്ലയിൽ 76 കേസുകളും, എറണാകുളം ജില്ലയിൽ 35 കേസുകളും, തൃശൂർ ജില്ലയിൽ 58 കേസുകളും, പാലക്കാട് ജില്ലയിൽ 14 കേസുകളും, കോഴിക്കോട് ജില്ലയിൽ 143 കേസുകളും, മലപ്പുറം ജില്ലയിൽ 51 കേസുകളും, വയനാട് ജില്ലയിൽ 20 കേസുകളും, കണ്ണൂർ ജില്ലയിൽ 79 കേസുകളും, കാസർഗോഡ് ജില്ലയിൽ 41 കേസുകളും തീർപ്പാക്കിയതായി റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | 4 മാസത്തിനുള്ളിൽ | 6 മാസത്തിനുള്ളിൽ | 6 മാസത്തിനു മുകളിൽ |
|---|---|---|---|
| തിരുവനന്തപുരം | 0 | 0 | 138 |
| കൊല്ലം | 50 | 44 | 40 |
| പത്തനംതിട്ട | 4 | 9 | 5 |
| ആലപ്പുഴ | 9 | 6 | 43 |
| കോട്ടയം | 39 | 26 | 34 |
| ഇടുക്കി | 34 | 11 | 76 |
| എറണാകുളം | 0 | 83 | 35 |
| തൃശ്ശൂർ | 60 | 5 | 58 |
| പാലക്കാട് | 16 | 11 | 14 |
| കോഴിക്കോട് | 96 | 18 | 143 |
| മലപ്പുറം | 42 | 26 | 51 |
| വയനാട് | 0 | 0 | 20 |
| കണ്ണൂർ | 49 | 35 | 79 |
| കാസർഗോഡ് | 23 | 13 | 41 |
| ആകെ | 422 | 287 | 777 |

2023 – ൽ സംസ്ഥാനത്ത്, ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ ഹാജരാക്കിയ 1710 നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കേസുകളിൽ സോഷ്യൽ ഇൻവേസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത് 443 കേസുകളിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു




മേൽ സൂചിപ്പിച്ചത് പ്രകാരം തിരുവനന്തപുരം ജില്ലയിലെ ആകെയുള്ള 164 കേസുകളിൽ സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പോലും സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല . കൊല്ലം ജില്ലയിലെ ആകെയുള്ള 145 കേസുകളിൽ 23 കേസുകളിലാണ് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത്. പത്തനംതിട്ട ജില്ലയിലെ ആകെയുള്ള 18 കേസുകളിലും സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചു. ആലപ്പുഴ ജില്ലയിൽ ആകെയുള്ള 109 കേസുകളിൽ ഒരു കേസിൽ പോലും സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല. കോട്ടയം ജില്ലയിലെ ആകെയുള്ള 106 കേസുകളിൽ 23 കേസുകളിലാണ് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത്. ഇടുക്കി ജില്ലയിലെ ആകെയുള്ള 121 കേസുകളിൽ 18 കേസുകളിന്മേൽ മാത്രമാണ് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത്. എറണാകുളം ജില്ലയിൽ 156 കേസുകളിന്മേൽ 131 കേസുകളിലാണ് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത്. തൃശൂർ ജില്ലയിൽ ആകെയുള്ള 208 കേസുകളിൽ ഒരു കേസിൽപോലും സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല. പാലക്കാട് ജില്ലയിൽ ആകെയുള്ള 78 കേസുകളിൽ 3 എണ്ണത്തിൽ സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ ആകെയുള്ള 32 കേസുകളിൽ ഒരു സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പോലും സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ ആകെയുള്ള 193 കേസുകളിൽ 80 കേസുകളിലാണ് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത്. മലപ്പുറം ജില്ലയിലെ ആകെയുള്ള 217 കേസുകളിലെ 125 കേസുകളിൽ സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ആകെയുള്ള 96 കേസുകളിൽ 14 കേസുകളിന്മേൽ മാത്രമാണ് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത്. കാസർഗോഡ് ജില്ലയിൽ ആകെയുള്ള 67 കേസുകളിൽ 8 കേസിലാണ് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത്.

## പബ്ലിക് റിലേഷൻസ്

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലെ പബ്ലിക് റിലേഷൻസ് വിഭാഗം മികവാർന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കമ്മീഷന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും, പൊതുജനാഭിപ്രായങ്ങളും മാധ്യമവാർത്തകളും ക്രോഡീകരിച്ച് ബാലാവകാശ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പബ്ലിക് റിലേഷൻസ് വിഭാഗത്തിന് സാധിച്ചിട്ടുണ്ട്. ബാലാവകാശ ലംഘനങ്ങളും പിഴവുകളും സംബന്ധിച്ച മാധ്യമവാർത്തകൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും കമ്മീഷൻ സ്വീകരിക്കുന്ന നടപടികൾ പത്രക്കുറിപ്പുകളായും ഫോണിലൂടെയും പൊതു ജനങ്ങളെയും മാധ്യമങ്ങളെയും അറിയിക്കുന്നത് കമ്മീഷനിലെ പബ്ലിക് റിലേഷൻസ് വിഭാഗമാണ്.

### പത്ര മാധ്യമങ്ങൾക്ക് നൽകിയ കുറിപ്പുകൾ

കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള പ്രധാന ഉത്തരവുകൾ, വിവിധ ഏജൻസികൾ നൽകിയ നടപടി റിപ്പോർട്ട്, കമ്മീഷൻ നടത്തിയ സിറ്റിങ്, സന്ദർശനങ്ങൾ, കമ്മീഷൻ സ്വമേധയ നടപടി സ്വീകരിച്ചവ, കമ്മീഷന്റെ വിവിധ പരിപാടികൾ, കൂടിയാലോചനാ യോഗങ്ങൾ, ബാലാവകാശ വാരാചരണം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ 2023 ഏപ്രിൽ ഒന്നു മുതൽ 2024 മാർച്ച് 31 വരെ 78 പത്രക്കുറിപ്പുകളും ചിത്രങ്ങളും നൽകിയിട്ടുണ്ട്. മാധ്യമങ്ങളിലൂടെ മികച്ച പ്രചാരമാണ് കമ്മീഷന്റെ വാർത്താക്കുറിപ്പുകൾക്ക് ലഭിക്കുന്നത്.

### ദൃശ്യ മാധ്യമ പ്രചാര പ്രവർത്തനങ്ങൾ

സർക്കാരിന്റെ നവകേരളം, പ്രിയകേരളം പരിപാടികളുടെ ഭാഗമായി ദൂരദർശൻ, മറ്റ് സ്വകാര്യ ചാനലുകൾ എന്നിവയിലൂടെ കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്തു. ബാലസൗഹൃദ കേരളം ലക്ഷ്യമിട്ട് കമ്മിഷൻ നിർമ്മിച്ച പരസ്യ ചിത്രം ക്യൂബ് സിനിമ നെറ്റ് വർക്ക്, യു.എഫ്.ഒ സിനി മീഡിയ നെറ്റ് വർക്ക് എന്നിവ വഴി 200 സിനിമ തീയേറ്ററുകളിൽ തുടർച്ചയായി 7 ദിവസം പ്രദർശിപ്പിച്ചു.

### വിവിധ പരിപാടികളുടെ ഫണ്ട് വിനിയോഗം, കണക്കുകൾ ക്രമീകരിക്കൽ

അധ്യാപക പരിശീലന സിലബസിൽ ബാലാവകാശ സംരക്ഷണ നിയമങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച യോഗം. കുട്ടികളുടെ സ്വകാര്യത വെളിപ്പെടുത്തൽ-മാധ്യമ പ്രവർത്തകർക്കായുള്ള ബോധവൽക്കരണ സെമിനാർ. ധർമ്മടം മണ്ഡലത്തെ ബാലസൗഹൃദമാക്കുന്നതിന് ദീർഘകാല അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ആലോചനായോഗം. ധർമ്മടം മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം. ബാലനീതി, പോക്സോ, ആർ.റ്റി.ഇ. നിയമങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാതല കർത്തവ്യവാഹകരുടെ അവലോകന യോഗം. 15 പോലീസ് ജില്ലകളിലെ എസ്.പി.സി അധ്യാപകർക്കുള്ള ഏകദിന പരിശീലന പരിപാടി. കേരളത്തെ ബാലവേല ബാലവിവാഹ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുടെ യോഗം. ലഹരി വിരുദ്ധ സന്ദേശം ഉൾപ്പെടുത്തി 14 ജില്ലാ ശിശു സംരക്ഷണ ഓഫീസുകളിലും 36 ഹോംമുകളിലും ശിശുദിന വാരാഘോഷം 2023. ബാലസൗഹൃദ രക്ഷാകർതൃത്വം സംബന്ധിച്ച് കുടുംബശ്രീ അംഗങ്ങൾക്ക് ദ്വിദിന പരിശീലനം. കുട്ടികളുടെ പ്രശ്നങ്ങളും കുടുംബ

കോടതി  സാഹചര്യങ്ങളും എന്ന വിഷയത്തിൽ കമ്മിഷൻ നടത്തിയ പഠനം. ലഹരി ഉപയോഗവും വ്യാപനവും കുട്ടികളുടെ പുനരധിവാസവും സംബന്ധിച്ച് സംസ്ഥാനതല കർത്തവ്യവാഹകർക്ക് ഏകദിന ശില്പശാല എന്നിവ പൂർത്തിയാക്കി. 11 വിവിധ പരിപാടികളുടെ കണക്കുകൾ ക്രമീകരിച്ചു.

**പുസ്തക പ്രസിദ്ധീകരണം**

ബാലനീതി ആക്റ്റ് 2015, പോക്സോ ആക്റ്റ് 2012, ആർ.റ്റി.ഇ ആക്റ്റ് 2009 എന്നിവ ഒരു കൈപ്പുസ്തക മാക്കി 10000 കോപ്പികൾ അച്ചടിച്ചു. സംയോജിത ശിശു സംരക്ഷണ കേന്ദ്ര സന്ദർശനം – റിപ്പോർട്ടും ശുപാർശകളും 2023, ബാലസൗഹൃദ രക്ഷാകർതൃത്വം-കൈപ്പുസ്തകം, ബാലാവകാശ കമ്മിഷന്റെ 2020-2023 കാലഘട്ടത്തിലെ പ്രവർത്തന പുരോഗതി റിപ്പോർട്ട്, സുന്ദര ബാല്യം സുരക്ഷിത കേരളം എന്ന പേരിൽ മലയാളത്തിലും, ഒമ്യു്യ ഇവശഹററവീറ ടമളല ഗല്യമഹമ എന്ന പേരിൽ ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചു. 2022-23 വാർഷിക റിപ്പോർട്ട് അച്ചടിച്ചു.

## വിവരാവകാശ ആക്റ്റ് പ്രകാരമുള്ള അപേക്ഷകൾ

2005-ലെ വിവരാവകാശ ആക്റ്റ് പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ കമ്മീഷനിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് ലഭിച്ച 89 അപേക്ഷകൾ സമയ ബന്ധിതമായി പരിഗണിക്കുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## ഓൺലൈൻ പരാതി സംവിധാനം (OCMS)

ഓൺലൈൻ കംപ്ലെയ്ന്റ് മാനേജ്മെന്റ് സംവിധാനം 2023 ഏപ്രിൽ 5 ന് സംസ്ഥാന ബാലാവകാശ കമ്മീഷനിൽ നടപ്പിലാക്കി. ബാലാവകാശ ലംഘനങ്ങളും പിഴവുകളും സംബന്ധിച്ച പരാതികളിന്മേൽ വേഗത്തിൽ പരിഹാരം കാണുകയാണ് ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ ലക്ഷ്യ മിടുന്നത്. പരാതികൾ ഓൺലൈനായി www.childrights.kerala.gov.in ൽ നേരിട്ടോ www.kescpcr.kerala.gov.in online services ലിങ്ക് മുഖേനയോ കമ്മീഷനെ അറിയിക്കാം. പരാതിയോടൊപ്പം ഡിജിറ്റൽ തെളിവുകളും ഓൺലൈനായി അയക്കാൻ സംവിധാനമുണ്ട്. കംപ്ലയിന്റ് രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്ന കംപ്ലയിന്റ് നമ്പർ ഉപയോഗിച്ച് പരാതിയിന്മേൽ കമ്മീഷൻ സ്വീകരിച്ച തുടർ നടപടികൾ അറിയാൻ സാധിക്കും. ഓൺലൈൻ കംപ്ല യിന്റ് മാനേജ്മെന്റ് സിസ്റ്റത്തിലെ ഡാഷ് ബോർഡിൽ നിന്നും പരാതി തീർപ്പാക്കലുമായി ബന്ധപ്പെട്ട മുഴുവൻ സ്ഥിതിവിവര കണക്കും കമ്മിഷന് വിലയിരുത്തി മുന്നോട്ടു പോകാനും സംവിധാനമുണ്ട്.

# ബഡ്ജറ്റും ധനകാര്യവും

കമ്മീഷന്റെ 20223-24 സാമ്പത്തിക വർഷത്തെ പദ്ധതി-പദ്ധതിയേതര വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതവും ചെലവും | | | | |
|---|---|---|---|---|
| **നോൺ പ്ലാൻ** | | | | |
| **നമ്പർ** | **ശീർഷകം** | **ബഡ്ജറ്റ് വിഹിതം** | **ബഡ്ജറ്റ് വിഹിതം (Revised)** | **ചെലവ്** |
| (എ) | 2235-02-102-53 | | | |
| | 01-ശമ്പളം | | | |
| | 1. ശമ്പളം | 14380000 | 14380000 | 17200438 |
| | 2. ക്ഷാമബത്ത | 1384000 | 1384000 | 1198949 |
| | 3. വീട്ടുവാടക അലവൻസ് | 1438000 | 1438000 | 1658407 |
| | 4. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 10000 | 33000 | 31830 |
| | 5. മറ്റു അലവൻസുകൾ | 97000 | 97000 | 77200 |
| (ബി) | 02-വേതനം | | | |
| | 1. വേതനം | 164000 | 164000 | 216361 |
| | 2. ക്ഷാമബത്ത | 19000 | 19000 | 16295 |
| | 3. മറ്റു അലവൻസുകൾ | 13000 | 13000 | 21520 |
| | 4. നിശ്ചിത വേതനം | 15250000 | 14956000 | 12495255 |
| | 5. ദിവസ വേതനം | 567000 | 567000 | 620695 |
| (സി) | 04-യാത്രാ ചിലവുകൾ | | | |
| | 1. യാത്രാ ബത്ത | 175000 | 75000 | 4900 |

| | | | | |
|---|---|---|---|---|
| | 4. അവധി യാത്രാ ആനുകൂല്യം | 25000 | 15000 | 0 |
| (ഡി) | 05-ഓഫീസ് ചെലവുകൾ | | | |
| | 1. വെള്ളക്കരം | 75000 | 25000 | 18203 |
| | 2. വൈദ്യുതി ചെലവ് | 346000 | 346000 | 246258 |
| | 3. ടെലിഫോൺ ചെലവ് | 192000 | 87000 | 47750 |
| | 4. മറ്റിനങ്ങൾ | 1487000 | 1552000 | 1545730 |
| (ഇ) | 06-വാടക, കരം, നികുതി | 1200000 | 1200000 | 1088406 |
| (എഫ്) | 21-മോട്ടോർ വാഹനങ്ങൾ | | | |
| | 2 - സംരക്ഷണവും അറ്റകുറ്റപണികളും | 60000 | 60000 | 15300 |
| (ജി) | 34-മറ്റു ചിലവുകൾ | | | |
| | 3- മറ്റിനം | 260000 | 537000 | 528157 |
| (എച്ച്) | 45-പി.ഒ.എൽ. | 156000 | 56000 | 31971 |
| (ഐ) | 93-ട്രേഡ് അപ്രന്റീസുകൾക്കുള്ള സ്റ്റൈപന്റ് | 1000 | 294000 | 280000 |
| (ജെ) | 97-വാഹനങ്ങളുടെ വാടക | 1500000 | 1500000 | 1480837 |
| പ്ലാൻ | 2235-02-102-53 | | | |
| | 34-മറ്റു ചെലവുകൾ | | | |
| | 3-മറ്റിനം | 24400000 | 24400000 | 7289878 |
| | 97-വാഹനങ്ങളുടെ വാടക | 1600000 | 1600000 | 1169672 |

ആകെ ബഡ്ജറ്റ് വിഹിതം = 2,60,00,000 (പ്ലാൻ) + 3,87,98,000 (നോൺ പ്ലാൻ)

= 6,47,98,000/-

ആകെ ചെലവ് = 84,59,550 (പ്ലാൻ) + 3,88,24,462 (നോൺ പ്ലാൻ)

= 4,72,84,012/-

റിപ്പോർട്ട് കാലയളവിൽ കുട്ടികളുടെ ഉത്തമതാത്പര്യം മുൻനിർത്തി ബാലാവകാശ സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. തുടർവർഷത്തിലും കാര്യക്ഷമവും ശക്തവുമായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസവും പ്രതീക്ഷയുമാണ് കമ്മീഷനുള്ളത്.

(ഒപ്പ്)
സിസിലി ജോസഫ്
കമ്മീഷൻ അംഗം

(ഒപ്പ്)
ഡോ. വിൽസൺ.എഫ്.
കമ്മീഷൻ അംഗം

(ഒപ്പ്)
കെ.കെ. ഷാജു
കമ്മീഷൻ അംഗം

(ഒപ്പ്)
മോഹൻകുമാർ ബി.
കമ്മീഷൻ അംഗം

(ഒപ്പ്)
സുനന്ദ.എൻ.
കമ്മീഷൻ അംഗം

(ഒപ്പ്)
ജലജമോൾ.റ്റി.സി
കമ്മീഷൻ അംഗം

(ഒപ്പ്)
കെ.വി. മനോജ് കുമാർ
ചെയർപേഴ്സൺ

# അനുബന്ധം- 1

## റിപ്പോർട്ട് കാലയളവിലെ (2023-2024) കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും പേരുവിവരം

| | | | |
|---|---|---|---|
| 1. | ശ്രീ. മനോജ്കുമാർ.കെ.വി. | - | ചെയർപേഴ്സൺ (29-06-2020 മുതൽ 27-06-2023 വരെ) |
| 2. | ശ്രീ. മനോജ്കുമാർ.കെ.വി. | - | ചെയർപേഴ്സൺ (18-08-2023 മുതൽ) |
| 3. | ശ്രീമതി. ബബിത.ബി. | - | അംഗം (12-08-2020 മുതൽ 11-08-2023 വരെ) |
| 4. | ശ്രീ റെനി ആന്റണി | - | അംഗം (12-08-2020 മുതൽ 11-08-2023 വരെ) |
| 5. | ശ്രീമതി ശ്യാമളാദേവി.പി.പി. | - | അംഗം (12-08-2020 മുതൽ 11-08-2023 വരെ) |
| 6. | ശ്രീ സി. വിജയകുമാർ | - | അംഗം (12-08-2020 മുതൽ 11-08-2023 വരെ) |
| 7. | ശ്രീമതി എൻ. സുനന്ദ | - | അംഗം (25-08-2022 മുതൽ) |
| 8. | ശ്രീമതി ജലജമോൾ.റ്റി.സി. | - | അംഗം (25-08-2022 മുതൽ) |
| 9. | ശ്രീമതി സിസിലി ജോസഫ് | - | അംഗം (07-03-2024 മുതൽ) |
| 10. | ഡോ. വിൽസൺ.എഫ്. | - | അംഗം (07-03-2024 മുതൽ) |
| 11. | ശ്രീ. കെ.കെ. ഷാജു | - | അംഗം (07-03-2024 മുതൽ) |
| 12. | ശ്രീ. മോഹൻകുമാർ.ബി. | - | അംഗം (07-03-2024 മുതൽ) |

# അനുബന്ധം - 2

## റിപ്പോർട്ട് കാലയളവിലെ (2023-2024) കമ്മീഷൻ സെക്രട്ടറിയുടേയും മറ്റു ഉദ്യോഗസ്ഥരുടേയും പേരുവിവരം

**കമ്മീഷന്റെ സെക്രട്ടറി**

**ശ്രീമതി ജയശ്രീ.റ്റി.കെ. (08-07-2022 മുതൽ)**

**കമ്മീഷന്റെ രജിസ്ട്രാർ**

**ശ്രീമതി മിനി ഭാസ്കർ.എസ്. (05-08-2022 മുതൽ)**

**മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും**

| | | | |
|---|---|---|---|
| 1. | ശ്രീമതി സിമി.എ.എസ്. | - | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (16-10-2021 മുതൽ) |
| 2. | ശ്രീമതി ലത.എം.എസ്. | - | ഫിനാൻസ് ഓഫീസർ (01-07-2022 മുതൽ 08-12-2023 വരെ) |
| 3. | ശ്രീമതി സബീഹ.പി.എം. | - | ഫിനാൻസ് ഓഫീസർ (08-12-2023 മുതൽ) |
| 4. | ശ്രീ. ശ്യാം കുമാർ.പി. | - | പി.ആർ.ഒ. (01-09-2021 മുതൽ) |
| 5. | ശ്രീമതി ടെസ്സി ജോസ് | - | സെക്ഷൻ ഓഫീസർ, ഭരണവിഭാഗം (11-08-2022 മുതൽ) |
| 6. | ശ്രീ. പ്രവീൺ.പി. | - | സെക്ഷൻ ഓഫീസർ, ജനറൽ (22-07-2022 മുതൽ) |
| 7. | ശ്രീമതി ഷീബ.വി.എസ്. | - | കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-2 (19-10-2022 മുതൽ) |
| 8. | ശ്രീമതി മേരി റെയ്ച്ചൽ | - | കോർട്ട് ഓഫീസർ/സെക്ഷൻ ഓഫീസർ-2 (05-04-2023 മുതൽ) |
| 9. | ശ്രീ സജ്ജാദ്.എസ്. | - | ലീഗൽ അസിസ്റ്റന്റ്-2 (24-03-2022 മുതൽ 19-10-2023 വരെ) |
| 10. | ശ്രീ ശരത്.എ.എസ്. | - | ലീഗൽ അസിസ്റ്റന്റ്-2 |

| | | | |
|---|---|---|---|
| | | | (06-05-2023 മുതൽ) |
| 11. | ശ്രീ മനു.ബി. | - | ലീഗൽ അസിസ്റ്റന്റ്-2 (21-12-2023 മുതൽ) |
| 12. | ശ്രീമതി ആശ റാണി.എസ്. | - | അക്കൗണ്ടന്റ് (02-11-2022 മുതൽ 03-11-2023 വരെ) |
| 13. | ശ്രീ രോഹിത്.എച്ച്.എൽ. | - | അക്കൗണ്ടന്റ് (20-12-2023 മുതൽ) |
| 14. | ശ്രീമതി. അനു.വി.കെ. | - | ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (സി1) (04-11-2020 മുതൽ) |
| 15. | ശ്രീമതി നിഷ വൈ. | - | ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (സി2) (17-08-2022 മുതൽ 16-08-2023 വരെ) |
| 16. | ശ്രീമതി സനിൽപ്രഭ.വി.എം. | - | ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (സി2) (04-01-2024 മുതൽ) |
| 17. | ശ്രീമതി ജിനി.എൽ.രാജ് | - | ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ3) (17-06-2023 മുതൽ) |
| 18. | ശ്രീമതി ദിവ്യലക്ഷ്മി.റ്റി.ജി. | - | ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ1) (11-09-2020 മുതൽ 04-10-2023 വരെ) |
| 19. | ശ്രീമതി ഷീബ.ആർ. | - | ക്ലാർക്ക്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ (എ2) (05-08-2022 മുതൽ) |
| 20. | ശ്രീ. അരുൺ കുമാർ.എസ്. | - | ഓഫീസ് അറ്റൻഡന്റ് (01-12-2021 മുതൽ) |
| 21. | ശ്രീമതി ഷിജി കെ. ജോൺ | - | ഓഫീസ് അറ്റൻഡന്റ് (11-10-2019 മുതൽ) |
| 22. | ശ്രീമതി ലീന എസ്. രാജ് | - | ഓഫീസ് അറ്റൻഡന്റ് (05-01-2019 മുതൽ 04-01-2024 വരെ) |
| 23. | ശ്രീമതി സൈഫുന്നിസ | - | പാർട്ട്-ടൈം-സ്വീപ്പർ (03-12-2015 മുതൽ) |




സംസ്ഥാന ബാലാവകാശ കമ്മീഷനിൽ നടപ്പിലാക്കിയ ഓൺലൈൻ കംപ്ളയിന്റ് മാനേജ്മെന്റ് സംവിധാനം ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ബഹു. ആരോഗ്യ വനിതാ-ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്, ബഹു.കമ്മിഷൻ ചെയർപേഴ്സൺ ശ്രീ.കെ.വി.മനോജ്കുമാർ, കമ്മിഷൻ അംഗങ്ങളായ ശ്രീമതി എൻ.സുനന്ദ, ശ്രീമതി പി.പി.ശ്യാമളദേവി, ശ്രീമതി ജലജ മോൾ.റ്റി.സി എന്നിവർ സമീപം




ബാലവേല-ബാലവിവാഹമുക്ത കേരളം ലക്ഷ്യമാക്കി നടത്തിയ കർത്തവ്യവാഹകരുടെ യോഗം ബഹു. ആരോഗ്യ വനിതാ-ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ് നിർവ്വഹിക്കുന്നു.




ബാലസൗഹൃദ രക്ഷാകർതൃത്വം കുടുംബശ്രീ അംഗങ്ങൾക്കായി സംഘടിപ്പിച്ച ദ്വിദിന പരിശീലന പരിപാടി ബഹു. നിയമ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നിർവ്വഹിക്കുന്നു.







മാധ്യമപ്രവർത്തകർക്കുള്ള ബോധവത്കരണ പരിപാടി എറണാകുളത്ത് ബഹു. കേരള ഹൈക്കോടതി ജസ്റ്റിസ് കെ. മുഹമ്മദ് മുസ്താഖ് നിർവ്വഹിക്കുന്നു. പരിപാടിയിൽ അധ്യക്ഷൻ ബഹു.കമ്മിഷൻ ചെയർപേഴ്സൺ ശ്രീ.കെ.വി.മനോജ്കുമാർ  സംസാരിക്കുന്നു.





ലഹരി ഉപയോഗവും വ്യാപനവും കുട്ടികളുടെ പുനരധിവാസവും - സംസ്ഥാനതല കർത്തവ്യവാഹകരുടെ ഏകദിന ശില്പശാല ബഹു. ചീഫ് സെക്രട്ടറി ഡോ. വി. വേണു ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു. പരിപാടിയിൽ അധ്യക്ഷൻ ബഹു.കമ്മിഷൻ ചെയർപേഴ്സൺ ശ്രീ.കെ.വി. മനോജ്കുമാർ  സംസാരിക്കുന്നു.

## 2023-ലെ ശിശുദിന വാരാഘോഷത്തോടനുബന്ധിച്ച് വിവിധ ചിൽഡ്രൻസ് ഹോമുകളിൽ നടന്ന പരിപാടികൾ.











# സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ

## 4-ാം കമ്മിഷന്റെ ചെയർപേഴ്സണും കമ്മിഷൻ അംഗങ്ങളും

### ചെയർപേഴ്സൺ



കെ.വി. മനോജ് കുമാർ

### കമ്മിഷൻ അംഗങ്ങൾ



സുനന്ദ.എൻ.



ജലജമോൾ.റ്റി.സി



സിസിലി ജോസഫ്



ഡോ. വിൽസൺ.എഫ്.



മോഹൻകുമാർ ബി.



കെ.കെ. ഷാജു